# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 2, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--314]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 4585 മുതൽ 4635 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 4636 മുതൽ 4728 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 4729 മുതൽ 4797 വരെ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി | : 4798 മുതൽ 4891 വരെ |
| തുറമുഖം - സഹകരണ, ദേവസ്വവുംവകുപ്പ് മന്ത്രി | : 4892 മുതൽ 4898 വരെ |

## <u>ഇടുക്കി ജില്ലയിലെ വന്യമൃഗ ആക്രമണം</u>

4585 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഇടുക്കി ജില്ലയിൽ വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞവരുടെ എണ്ണവും പേരും വിശദമാക്കാമോ;

(ബി) മരണമടഞ്ഞവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരം വിതരണം ചെയ്യാൻ അവശേഷിക്കുന്നവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(സി) 2016 മുതൽ നാളിതുവരെ വന്യമൃഗ ആക്രമണത്തിൽ ഇടുക്കി ജില്ലയിൽ പരിക്കേറ്റവരുടെ എണ്ണം അറിയിക്കാമോ?

## <u>വനം-വന്യജീവി സംരക്ഷണത്തിന് പദ്ധതി</u>

4586 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി.പി. സുമോദ്**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം-വന്യജീവി സംരക്ഷണത്തിന് പുതിയ ദിശാബോധം നൽകുന്ന ഏതൊക്കെ പദ്ധതികൾക്ക് രൂപം നൽകാനും നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ആദിവാസി വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) വനാതിർത്തി സംരക്ഷിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## അക്കേഷ്യ, യൂക്കാലി പ്ലാന്റേഷനുകൾ

4587 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കേഷ്യ, യൂക്കാലി പ്ലാൻറേഷനുകൾ പുതുതായി വച്ചുപിടിപ്പിക്കില്ല എന്ന സർക്കാർ തീരുമാനം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ വന്നശേഷം പുതുതായി അക്കേഷ്യ, യൂക്കാലി പ്ലാന്റേഷനുകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി അക്കേഷ്യ, യൂക്കാലി പ്ലാന്റേഷനുകൾ വച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) അക്കേഷ്യ, യൂക്കാലി എന്നിവ പരിസ്ഥിതിക്കും ജനങ്ങൾക്കും മൃഗങ്ങൾക്കും ഹാനികരമായ വൃക്ഷങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

## സ്വാഭാവിക വനങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും പുന:സ്ഥാപനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

4588 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമിയിൽ എത്ര ഹെക്ടർ വിദേശ ഏകവിളത്തോട്ടങ്ങളും തേക്ക് തോട്ടങ്ങളും നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സ്വാഭാവിക വനങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും പുന:സ്ഥാപനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

## കാവുകളുടെ സംരക്ഷണവും പരിപാലനവും

4589 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതായി സംസ്ഥാനത്തെ കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;

(ബി) കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## വനതോട്ടങ്ങൾ

4590 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എ. രാജ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന് കീഴിൽ വനതോട്ടങ്ങൾ സംരക്ഷിച്ചു വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത തോട്ടങ്ങളുടെ വിസ്തൃതി വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രത്യേക സസ്യങ്ങളും മരങ്ങളും വച്ചുപിടിപ്പിച്ചാണ് വനതോട്ടങ്ങൾ വികസിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത്തരം തോട്ടങ്ങളുടെ പരിപാലനത്തിനുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത തോട്ടങ്ങളിൽ നിന്നും വകുപ്പിന് വരുമാനം ലഭ്യമാകുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ഇ) ഭാവി വരുമാന വർദ്ധന ലക്ഷ്യമിട്ട് പുതിയ വനതോട്ടങ്ങൾ നട്ടുവളർത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## അധിനിവേശ സസ്യങ്ങൾ കാരണമുണ്ടാകുന്ന ദോഷങ്ങൾ

4591 **ശ്രീ. എം. എം. മണി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിനിവേശ സസ്യങ്ങൾ വ്യാപകമാകുന്നത് സ്വാഭാവിക വനത്തിന് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വനമേഖലകളിൽ നിന്നും അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

## വാഴച്ചാൽ വനം ഡിവിഷന്റെ കീഴിലെ വനം സംരക്ഷണ പ്രവർത്തനം

4592 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാഴച്ചാൽ വനം ഡിവിഷന്റെ കീഴിൽ 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നടന്ന വനം സംരക്ഷണ പ്രവർത്തനകളുടെ പട്ടിക വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഡിവിഷന്റെ കീഴിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തു എന്ന കാണിച്ച് ബില്ലുകൾ മാറിയതും, ചെയ്ത മിക്ക പ്രവൃത്തികളും നിലവാരം ഇല്ലാത്തതും ചട്ടങ്ങളോ നിയമങ്ങളോ പാലിക്കാതെ നടപ്പിലാക്കിയതാണെന്നതും സംബന്ധിച്ച് വനം വിജിലൻസ് മേധാവി നേരിട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സാമ്പത്തിക തട്ടിപ്പിനെതിരെ വിജിലൻസ് അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഡിവിഷൻറെ കീഴിൽ മൂന്ന് വർഷത്തിൽ അധികമായി ജോലി നോക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ മുഴുൻ ജീവനക്കാരുടെയും പേര് വിവരം ലഭ്യമാക്കാമോ?

## ഇക്കോ റെസ്റ്റോറേഷൻ- സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

4593 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ എത്ര ഹെക്ടർ ഭൂമിയിലാണ് ഇക്കോ റെസ്റ്റോറേഷൻ (പാരിസ്ഥിതിക പുനഃസ്ഥാപനം) നടത്തുന്നതിന് ലക്ഷ്യമിടുന്നത്?

## പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ

4594 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസ നടപടികളുമായി ബന്ധപ്പെട്ട് വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പന്തപ്ര നഗറിലെ ആദിവാസികൾക്ക് നൽകിയിട്ടുള്ള ഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചു മാറ്റി ഭൂമി കൃഷി യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## പരിസ്ഥിതിലോല പ്രദേശത്തിന്റെ കണക്ക്

4595 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.03.2023-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് എത്ര ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശം നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇ.എഫ്.എൽ. ആക്ട് സെക്ഷൻ 10(എ), 19(3)(ബി) പ്രകാരം എത്ര പരാതികൾ 31.03.2023 വരെ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കുമോ?

## പാലക്കാട് ജില്ലയിൽ ബഫർ സോണിൽപെട്ട പ്രദേശങ്ങൾ

4596 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർ സോൺ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ബഫർ സോണുമായി ബന്ധപ്പെട്ട് ആലത്തൂർ മണ്ഡലത്തിൽ നിന്ന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി

4597 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) അരുവിക്കര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന വനഭൂമിയുടെ ഡിജിറ്റൽ സർവ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

## കാസർഗോഡ് ജില്ലയിലെ വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

4598 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനം വകുപ്പിന്റെ അധീനതയിൽ എത്ര സ്ഥലമുണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര കാലമായി ഈ സ്ഥലം വനം വകുപ്പിന്റെ അധീനതയിലാണ് എന്നത് സ്ഥലവും പഞ്ചായത്തും തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം വനം വകുപ്പിനു കിട്ടിയതെങ്ങനെയെന്നും പ്രമാണങ്ങൾ ഉണ്ടോയെന്നും പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തത് എപ്പോഴാണെന്നും സ്ഥലവും പഞ്ചായത്തും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വനം വകുപ്പ് ഇവിടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ സ്ഥലവും പഞ്ചായത്തും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ജില്ലയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തെ ജീവനക്കാരുടെ എണ്ണവും അവരുടെ ശമ്പളവും ഓരോ സ്ഥലത്തു നിന്നും കിട്ടുന്ന വരുമാനവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) സ്ഥലം വെറുതെ കിടക്കുകയാണെങ്കിൽ മറ്റു വകുപ്പുകൾക്കും, പൊതു ആവശ്യങ്ങൾക്കും, കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും വിട്ടു കൊടുക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## പാതയോരങ്ങളിൽ ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കാൻ നടപടി

4599 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യൂ ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ, സംസ്ഥാന പാതകളുടെ ഇരുവശങ്ങളിലും ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സാമൂഹിക വനവൽക്കരണം വ്യാപകമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വിദേശ വൃക്ഷങ്ങളുടെ നിർമ്മാർജന പ്രവർത്തനങ്ങൾ

4600 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന അക്കേഷ്യ, യൂക്കാലി തുടങ്ങിയ വിദേശ വൃക്ഷങ്ങളുടെ നിർമ്മാർജന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും മണ്ഡലത്തിൽ ഇതുവരെ എത്ര ഹെക്ടർ വനഭൂമിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## നവകിരണം പദ്ധതി

4601 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കുടുംബങ്ങൾ നവകിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവർക്ക് വേണ്ടിയുള്ള പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

## കോതമംഗലം-കുട്ടമ്പുഴ ബംഗ്ലാവ് കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ

4602 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-കുട്ടമ്പുഴ ബംഗ്ലാവ് കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിന്മേൽ വനം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) കാലതാമസം ഒഴിവാക്കി പ്രസ്തുത പാലം നിർമ്മിക്കുന്നതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

4603 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കാൻ നടപടി</u>**

4604 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ കർണ്ണാടക വനാതിർത്തിയിൽ നിന്നും ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ആനക്കൂട്ടം ഉൾപ്പെടെയുള്ള വന്യ ജീവികളുടെ കടന്നു വരവിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങളും കൃഷിനാശവും ഒഴിവാക്കാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

**<u>നിലമ്പൂർ മണ്ഡലത്തിലെ ഇക്കോ ടൂറിസം പദ്ധതികൾ</u>**

4605 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ വനം വകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ പ്രദേശങ്ങൾ തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വനപ്രദേശങ്ങളാണ് ഇക്കോ ടൂറിസം പദ്ധതികൾക്കായി അനുയോജ്യമായിട്ടുള്ളതെന്നും പുതിയ ഇക്കോ ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോയെന്നും അറിയിക്കാമോ;

(സി) നിലമ്പൂർ വുഡ് ഇൻഡസ്ട്രീസിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ ഉൾപ്പടെയുള്ള സ്ഥലം ഇക്കോ ടൂറിസം പദ്ധതികൾക്ക് അനുയോജ്യമായതിനാൽ സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്ന് വാക്ക്‌വേ, സൈക്കിൾ ട്രാക്ക്, ഓപ്പൺ ജിം, ചിൽഡ്രൻസ് പ്ലേ ഏരിയ, ക്യാമ്പ് ഹൗസ് തുടങ്ങിയവ ഉൾപ്പെടുത്തി സംയുക്ത ടൂറിസം പദ്ധതി നടപ്പാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്താൻ തയ്യാറാകുമോ; ഇക്കാര്യത്തിലുണ്ടാകാവുന്ന തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ഇക്കോ ടൂറിസം പദ്ധതികളിൽ നിന്നാണ് വനം വകുപ്പിന് വരുമാനമുള്ളതെന്നും ഏതെല്ലാം ഇനങ്ങളിലാണ് വരുമാനം ലഭിക്കുന്നതെന്നും അറിയിക്കാമോ?

## കക്കാട് ഇക്കോ ടൂറിസം സെന്ററിന്റെ വികസനം

4606 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി പഞ്ചായത്തിലെ കക്കാട് ഇക്കോ ടൂറിസം സെന്റർ വികസിപ്പിക്കുന്നതിന് വകുപ്പ് മുഖാന്തിരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഗവി പാക്കേജിൽ ട്രക്കിംഗ് ചാർജ് ഉൾപ്പെടുത്തിയ നടപടി

4607 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഗവി പാക്കേജിൽ ട്രക്കിംഗ് ചാർജ് ഉൾപ്പെടുത്തി നിരക്ക് വർദ്ധിപ്പിച്ചത് പ്രാദേശിക ടൂറിസ്റ്റുകൾ കൂടുതലായി എത്തുന്നതിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ട്രക്കിങ് ചാർജ് ഒഴിവാക്കി പാക്കേജ് നടപ്പാക്കുവാൻ ഗതാഗത വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പാലക്കാട് ജില്ലയിലെ ഇക്കോ ടൂറിസം പദ്ധതി

4608 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വനം വകുപ്പ് മുഖാന്തിരം നടപ്പാക്കിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വർക്കിംഗ് പ്ലാനിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ ഇക്കോടൂറിസം കേന്ദ്രങ്ങൾ

4609 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കാൻ വർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്തിയ കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവയ്ക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി മേഖലയിൽ ഇക്കോടൂറിസം പദ്ധതി

4610 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി മേഖലയിൽ ഇക്കോടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനം വകുപ്പ് മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേലുള്ള

നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ചിമ്മിനി ഇക്കോടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കുമോ; വിശദമാക്കുമോ?

## പുതുതായി പ്രവർത്തനം ആരംഭിച്ച ഇക്കോ ടൂറിസം കേന്ദ്രങ്ങൾ

4611 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനംവകുപ്പിന് കീഴിൽ പുതുതായി എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വനശ്രീ ഉല്പന്നങ്ങൾ ഓൺലൈനിലൂടെ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം അതോറിറ്റി രൂപവത്കരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## പാലക്കാട് ജില്ലയിലെ ഇക്കോടൂറിസം കേന്ദ്രങ്ങൾ

4612 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വനം വകുപ്പിന്റെ അധീനതയിൽ എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങളാണ് ഉള്ളത്; അവ ഏതെല്ലാമെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) 2021 മുതൽ പ്രസ്തുത ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും എത്ര രൂപ വരുമാനം ലഭിച്ചുവെന്നും അവയുടെ നവീകരണത്തിന് എത്ര രൂപ അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

## വനംവകുപ്പിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ സ്ഥലം മാറ്റങ്ങൾ

4613 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ സ്ഥലംമാറ്റത്തിന് ലക്ഷങ്ങൾ കോഴ വാങ്ങിയതായി ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റ പട്ടിക വെട്ടിച്ചുരുക്കിയിട്ടുണ്ടോ; എത്ര പേരെയാണ് സ്ഥലംമാറ്റ പട്ടികയിൽ നിന്ന് ഒഴിവാക്കിയത്; വിശദമാക്കുമോ;

(സി) കോഴ വാങ്ങിയതായി ഇന്റലിജൻസ് റിപ്പോർട്ടിൽ പരാമർശം ഉള്ള രാഷ്ട്രീയ പാർട്ടിയുടെ നേതാവിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ആശ്രിത നിയമനത്തിനായുള്ള അപേക്ഷയിന്മേൽ നടപടി

4614 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടനാട് കപ്രിക്കാട് അഭയാരണ്യത്തിലെ സ്ഥിരം ആന പാപ്പാനായിരുന്ന പി.വി. സുബ്രഹ്മണ്യന്റെ മരണശേഷം ആശ്രിത നിയമനത്തിനായി ഭാര്യ പി.പി. ഷെമിലി നൽകിയ അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ആശ്രിത നിയമനം ഇതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശ്രിത നിയമനം അടിയന്തരമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ മൂന്നാർ ഡിവിഷന്റെ പ്രവർത്തനം

4615 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മൂന്നാർ ഡിവിഷന് കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരുമാണ് ഉള്ളതെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ?

## ഈറ്റയുടെ ദൗർലഭ്യം

4616 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് ഈറ്റയുടെ ദൗർലഭ്യം കണക്കിലെടുത്ത് വനത്തിൽ നിന്ന് ഈറ്റ വെട്ടുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## അയ്യൻ മൊബൈൽ ആപ്പ്

4617 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്നവർക്കായി തയ്യാറാക്കിയിട്ടുള്ള അയ്യൻ മൊബൈൽ ആപ്പ് വഴി ഏതെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## പനത്തടി, ബളാൽ ഗ്രാമപഞ്ചായത്തുകളിലെ അതിർത്തി പ്രദേശങ്ങളിൽ വന്യജീവികളെ തടയാനുള്ള പദ്ധതി

4618 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കർണാടക വനാതിർത്തിയിലുള്ള പനത്തടി, ബളാൽ ഗ്രാമപഞ്ചായത്തുകളിലെ അതിർത്തി പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ

പ്രവേശിക്കുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

## പുനലൂർ മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പിന്റെ വിവിധ പദ്ധതികൾ

4619 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികളിലായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനു മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നിലവിൽ നടപ്പിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഓരോ പ്രവൃത്തികളുടെയും പേരും, അനുവദിച്ച തുകയും, പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും നടപ്പിലുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ;

(ഡി) വനം-വന്യജീവി വകുപ്പിന് കീഴിൽ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ ആയവയുടെ വിശദാംശം ലഭ്യമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ കാവുകളുടെ എണ്ണം

4620 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ എത്ര കാവുകളാണ് നിലവിലുള്ളതെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാവുകളിൽ എന്തൊക്കെ പരിപാലനങ്ങളാണ് വനം വകുപ്പ് മുഖേന നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

## വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും

4621 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണ സമിതികളുടേയും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളുടേയും പ്രവർത്തനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികളെപ്പറ്റി അന്വേഷണം

നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത സമിതികൾ പിരിച്ചെടുക്കുന്ന തുക ഏതെങ്കിലും ജീവനക്കാരന്റെ അക്കൗണ്ടിലേക്ക് പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഓരോ സമിതിക്കും സർക്കാർ നൽകുന്ന ധനസഹായം ഉപയോഗിച്ചതിന്റെ വിശദാംശം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; ഈ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ആർ.കെ.ഡി.പി. പ്രകാരം പുനരധിവാസത്തിനുള്ള തുക നൽകുന്നതിന് നടപടി

4622 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.ഡി.പി. പദ്ധതി പ്രകാരം വനാതിർത്തിയിലുള്ള മലയോര പ്രദേശത്തുനിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന സ്കീമിൽ ഗുണഭോക്താക്കളായ കോന്നി ഡിവിഷൻ നടുവത്തുമൂഴി റേഞ്ച് കൊക്കത്തോട് അപ്പൂപ്പൻതോട് നിവാസികൾക്ക് എഗ്രിമെന്റ് ഒപ്പിട്ട് പ്രമാണം നടത്തി രണ്ടുവർഷമായിട്ടും പുനരധിവാസത്തിനുള്ള തുക അനുവദിച്ച് നൽകാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എത്ര ഗുണഭോക്താക്കൾക്കാണ് ഇത്തരത്തിൽ തുക അനുവദിച്ചു നൽകാനുള്ളത്; ഓരോരുത്തർക്കും എത്ര തുകവീതമാണ് നൽകാനുള്ളത്; തുക വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ പദ്ധതിയുടെ ഭാഗമായി കരാറിൽ ഏർപ്പെട്ട പ്രസ്തുത നിവാസികൾക്ക് പുനരധിവാസത്തിനുള്ള തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തൃശ്ശൂർ ജില്ലയിലെ കാവ് സംരക്ഷണ പദ്ധതി

4623 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ കാവ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച കാവുകളുടെ പേര്, അനുവദിച്ച ധനസഹായം എന്നിവ വിശദമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കാവ് സംരക്ഷണ പദ്ധതിയുടെ എത്ര അപേക്ഷയിൽ തീരുമാനമെടുക്കാൻ ബാക്കിയുണ്ടെന്ന വിവരം അറിയിക്കുമോ?

## നാട്ടാനകളുടെ പരിപാലനത്തിനുള്ള നിയമവ്യവസ്ഥ

4624 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാട്ടാനകളുടെ പരിപാലനത്തിനായി പ്രത്യേക നിയമവ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) നാട്ടാനകളുടെ പരിപാലനത്തിനായി വെബ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നാട്ടാനകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) നാട്ടാനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമത്തിന് അനുസൃതമായി സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

## പാമ്പുകളെ പിടിക്കുന്നതിനുള്ള ശാസ്ത്രീയ പരിശീലനം

4625 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ പരിശീലനം ലഭിക്കാത്തവർ പാമ്പുകളെ പിടികൂടുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് പാമ്പ് പിടുത്തത്തിന് താല്പര്യപ്പെടുന്നവർക്ക് പരിശീലനം നൽകുന്നുണ്ടോ; ഇതിനായി വനംവകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) പാമ്പുപിടിത്തക്കാർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## വന്യജീവികൾക്ക് ഭക്ഷണവും ജലവും ലഭ്യമാക്കുന്ന പദ്ധതി

4626 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വനത്തിനുള്ളിൽ തന്നെ വന്യജീവികൾക്ക് ഭക്ഷണവും ജലവും ലഭ്യമാക്കുന്ന പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ആനക്കൊമ്പ് വേട്ടക്കെതിരെ നടപടി

4627 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആനക്കൊമ്പിനുവേണ്ടി ആനകളെ വേട്ടയാടിയതിന് എത്രപേർക്കെതിരെ വനം വകുപ്പ് കേസെടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വേട്ടയാടിയ ആനക്കൊമ്പുകൾ മലയാറ്റൂർ വനം ഡിവിഷനിലെ സ്ഥലങ്ങളിൽ നിന്നും പശ്ചിമഘട്ട മലനിരകളിലൂടെ കൊണ്ടുവന്ന് തിരുവനന്തപുരത്ത് എത്തിച്ച് നൽകിയിട്ടുള്ളതായി ആനക്കൊമ്പ് വേട്ടയ്ക്ക് പിടിയിലായ വ്യക്തി വെളിപ്പെടുത്തിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പിന്തുണയില്ലാതെ വേട്ടയാടിയ ആനക്കൊമ്പുകളുമായി ദിവസങ്ങളോളം സഞ്ചരിക്കുവാൻ സാധ്യമല്ല എന്നതിനാൽ ഇക്കാര്യത്തിൽ വനംവകുപ്പിന് വീഴ്ച ഉണ്ടായത് സംബന്ധിച്ച് അന്വേഷണം നടത്തുവാൻ തയ്യാറായിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ഇരവികുളം നാഷണൽ പാർക്കിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ</u>**

4628 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഇരവികുളം നാഷണൽ പാർക്കിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏതൊക്കെ ഫണ്ടുകളാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) 2016 മുതൽ പ്രസ്തുത പാർക്കിൽ ലഭിച്ച വരുമാനം വർഷം തിരിച്ച് വിശദമാക്കാമോ?

**<u>വന്യജീവി ആക്രമണത്തിൽ നിന്ന് കർഷകർക്ക് സംരക്ഷണം</u>**

4629 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ നിന്ന് കൃഷിയേയും കർഷകരേയും സംരക്ഷിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത കാലയളവിൽ വന്യമൃഗങ്ങളുടെ ആക്രമണത്താൽ ജീവൻ നഷ്ടപ്പെട്ട കർഷകരുടെ കുടുംബത്തിനും കൃഷിനാശം സംഭവിച്ച കർഷകർക്കും മതിയായ സമാശ്വാസ ധനസഹായവും നഷ്ടപരിഹാരവും നൽകുന്നതിന് സാധിച്ചുവോയെന്ന് വ്യക്തമാക്കുമോ;

(സി) മലയോര മേഖലയിൽ കർഷകർക്ക് വന്യജീവികളിൽ നിന്ന് നേരിടുന്ന ആക്രമണങ്ങളിൽ നിന്ന് ഫലപ്രദമായ സംരക്ഷണം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വന്യജീവികളുടെ ജീവഹാനിയുമായി ബന്ധപ്പെട്ട് കർഷകരെ അന്യായമായി കേസിൽപ്പെടുത്തുന്നുവെന്ന വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>നാദാപുരം നിയോജക മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ</u>**

4630 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ, വാണിമേൽ, മരുതോങ്കര, കാവിലുംപാറ പ്രദേശങ്ങളിൽ വന്യമൃഗ ശല്യം തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കാമോ ?

**മലപ്പുറം ജില്ലയിലെ വന്യജീവികളുടെ ആക്രമണവും കൃഷിനാശവും**

4631 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ ഏതൊക്കെ സ്ഥലങ്ങളിൽ വന്യജീവികളുടെ ആക്രമണം ഉണ്ടായിട്ടുണ്ട്; ഇത് സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) വന്യജീവികളുടെ ആക്രമണം മൂലം മലപ്പുറം ജില്ലയിലെ ഏതൊക്കെ സ്ഥലങ്ങളിൽ കൃഷിനാശം സംഭവിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**വന്യജീവി ആക്രമണങ്ങളിൽ സർക്കാർ ധനസഹായം**

4632 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം അപകടം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും എന്തൊക്കെ സഹായങ്ങളാണ് സർക്കാർ മുഖേന ഇപ്പോൾ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

**വന്യജീവികൾ മൂലമുള്ള കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം**

4633 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾ മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക ഓരോ വിളകൾക്കും എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഏത് വർഷം മുതലാണ് കർഷകർക്കുള്ള നഷ്ടപരിഹാരത്തുക നൽകാൻ ആരംഭിച്ചതെന്ന് വിശദമാക്കുമോ;

(സി) വിളനാശത്തിന് നൽകുന്ന പരിമിതമായ നഷ്ടപരിഹാരത്തുക കാലോചിതമായി വർദ്ധിപ്പിച്ച് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**മാവേലിക്കര മണ്ഡലത്തിൽ കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടി**

4634 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ, താമരക്കുളം, വള്ളികുന്നം, ചുനക്കര, തെക്കേക്കര പഞ്ചായത്തുകളിൽ കാട്ടുപന്നികൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

## ഇടുക്കി ജില്ലയിലെ നാഷണൽ പാർക്കുകൾ

4635 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എത്ര നാഷണൽ പാർക്കുകളും ദേശീയോദ്യാനങ്ങളും ഉണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഇവ ഏതൊക്കെ വർഷങ്ങളിലാണ് അപ്രകാരം പ്രഖ്യാപിക്കപ്പെട്ടതെന്ന് അറിയിക്കാമോ?

## കുട്ടനാട്ടിലെ ആറുകളിലെയും തോടുകളിലെയും പായൽ നീക്കം ചെയ്യാൻ കർമ്മ പദ്ധതി

4636 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആറുകളിലെയും തോടുകളിലെയും പായൽ നീക്കം ചെയ്യുന്നതിനായുള്ള കർമ്മ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) നീരൊഴുക്ക് നിലച്ച് വെള്ളം മലിനമാകുന്നത് മൂലം രോഗം പടരുന്നതും കുടിവെള്ളം ഇല്ലാതാകുന്നതും തടയാൻ ജലവിഭവവകുപ്പ് പുതുതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ ജലസമ്പത്ത് സംബന്ധിച്ച് സമഗ്ര പഠനം

4637 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ജലവിഭവം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ജലസമ്പത്ത് സംബന്ധിച്ച പഠനം 1958-ലും 1974-ലും നടത്തിയതിന് ശേഷം അൻപത് വർഷത്തോളമായിട്ടും അത്തരമൊരു സമഗ്ര പഠനം നടത്തിയിട്ടില്ലായെന്നത് കണക്കിലെടുത്ത് എത്രയും വേഗം ജല കമ്മീഷൻ രൂപീകരിച്ച് സമഗ്ര പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അന്തർസംസ്ഥാന നദീതർക്കത്തിലുൾപ്പെടാത്ത നദികളുടെയും ജലാശയങ്ങളുടെയും പഠനമെങ്കിലും അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ;

(ഡി) സംസ്ഥാനത്തെ ജലാശയങ്ങളിലെ വിഭവം സംബന്ധിച്ച സമഗ്രപഠനത്തിന് സ്വകാര്യവ്യക്തികൾ സമർപ്പിച്ചിട്ടുള്ള കോടതി കേസുകൾ തടസമായിട്ടുണ്ടോ;

എങ്കിൽ അത്തരം കേസുകൾ എങ്ങനെയാണ് ഇത്തരമൊരു പഠനത്തിന് വിഘാതമാകുന്നതെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ ജലവിഭവശേഷി കാലാനുസൃതമായി മനസിലാക്കാതെ ജലപദ്ധതികളുടെ ആസൂത്രണം കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കില്ല എന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കാമോ?

**ജലാശയങ്ങൾ മാലിന്യ മുക്തമാക്കാൻ നടപടി**

4638 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ജലാശയങ്ങൾ മാലിന്യ മുക്തമാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും ശിക്ഷിക്കുന്നതിനും പ്രസ്തുത കാലയളവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ**

4639 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ 2020 ജനുവരി മുതൽ ജലവിഭവ വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

**മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയ മങ്കട മണ്ഡലത്തിലെ പ്രവൃത്തികൾ**

4640 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ജലസേചനവകുപ്പിന് കീഴിൽ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മങ്കട മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് വകുപ്പിന് കീഴിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതാണെന്ന് വിലയിരുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ വിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാമാണ് നടപ്പ് സാമ്പത്തിക വർഷത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അതിന്റെ പട്ടിക ലഭ്യമാക്കുമോ?

**മലമ്പുഴ മണ്ഡലത്തിലെ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണപ്രവൃത്തി**

4641 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി പ്രകാരം മലമ്പുഴ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് ലക്ഷ്യമിട്ട് നിർമ്മാണം ആരംഭിച്ച മൂന്ന് ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണപ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം

4642 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കിയ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി ആരംഭിച്ചതും എന്നാൽ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നതുമായ പദ്ധതികളുടെ എണ്ണം വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## കുട്ടനാട് പാക്കേജ്

4643 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം കുട്ടനാട് പാക്കേജ് എന്നാണ് പ്രഖ്യാപിച്ചത്; എത്ര രൂപയാണ് പദ്ധതിക്കായി വകയിരുത്തിയത്; എന്തൊക്കെ പദ്ധതികളാണ് ഇതിലൂടെ നടപ്പാക്കാൻ കഴിഞ്ഞത്; വ്യക്തമാക്കുമോ;

(ബി) രണ്ടാം കുട്ടനാട് പാക്കേജിന് എത്ര തുകയാണ് പ്രഖ്യാപിച്ചിട്ടുള്ളത്; അപ്പർ കുട്ടനാട് മേഖല ഉൾപ്പെടുന്ന അമ്പലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## ജലസേചന പദ്ധതികളിലെ നിർമ്മാണപ്രവൃത്തികളിലുണ്ടായ കാലതാമസത്തിൽ നടപടി

4644 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികളുടെ നിർമ്മാണപ്രവൃത്തികളിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി 2017-ൽ രൂപീകരിച്ച അഞ്ചംഗ സാങ്കേതിക സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ട് സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പുതിയ ജലസേചന പദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കുമ്പോൾ കാലതാമസം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം പ്രായോഗിക നിർദ്ദേശങ്ങളാണ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## മഞ്ഞപ്പുഴ രാമൻപുഴ സമഗ്ര വികസന പദ്ധതി

4645 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ഞപ്പുഴ-രാമൻപുഴ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പുഴ സംരക്ഷണത്തിന്റെ ഭാഗമായി, മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷണത്തിനായി എത്ര പുതിയ പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## ആറുകളുടെ തീരങ്ങൾ സംരക്ഷിക്കാൻ നടപടി

4646 **ശ്രീ തോമസ് കെ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആറ്റു തീരങ്ങളുടെ കൽക്കെട്ട് പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ആറുകളുടെ തീരങ്ങൾ കൂടുതലായി ഇടിയുന്ന പ്രദേശങ്ങളിൽ അടിയന്തരമായി കൽക്കെട്ട് പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## തെന്നല മറക്കപ്പാടം കാപ്പ് പദ്ധതി

4647 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല പഞ്ചായത്ത് മറക്കപ്പാടം കാപ്പ് നവീകരണ പദ്ധതിയുടെ പൂർത്തീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ സർവ്വേ നടപടിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ നീളവും വീതിയും ആഴവും രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷവും സർവ്വേ നടപടികൾ ആരംഭിക്കുന്നതിനും കയ്യേറ്റം ഉണ്ടെങ്കിൽ അത് ഒഴിപ്പിക്കുന്നതിനും സാധ്യമാകുമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രദേശത്ത് കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത കയ്യേറ്റം സർവ്വേ നടത്തി ഒഴിപ്പിച്ചാലും ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പറയുന്ന വീതിയും നീളവും ആഴവും പ്രകാരമാണോ പ്രവൃത്തി നടപ്പിലാക്കുക; കയ്യേറ്റം ഉള്ള ഭാഗം ഉണ്ടെങ്കിൽ നിലവിലെ എസ്റ്റിമേറ്റിൽപ്പെടാത്ത പ്രസ്തുത ഭാഗം കൂടി നവീകരിക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവർത്തിയുടെ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് മുൻപ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ അത് ഒഴിപ്പിക്കുന്നതിനും സാധിക്കുമോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി എന്നാണ് ലഭിച്ചതെന്നും ഇതുവരെ പ്രവൃത്തി ആരംഭിക്കാതിരുന്നതിന്റെ കാരണങ്ങളും വിശദമാക്കാമോ?

## കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിന് നടപടി

4648 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പുഴയോരം ഇടിയുന്നത് കാരണം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പുഴയോരം സംരക്ഷിക്കാനായി കുറ്റ്യാടി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഇതിൽ അടിയന്തരമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

## അരൂർ മണ്ഡലത്തിലെ പൊതുകുളങ്ങളും ക്ഷേത്ര കുളങ്ങളും സംരക്ഷിക്കുന്നതിന് നടപടി

4649 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ പൊതുകുളങ്ങൾ, ക്ഷേത്ര കുളങ്ങൾ എന്നിവ കല്ല് കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോട് നവീകരണം

4650 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ മുൻവശത്തുള്ള കോട്ടത്തോട് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## കോട്ടയ്ക്കൽ മണ്ഡലത്തിലെ ഒടുങ്ങാട്ടുകുളം നവീകരണം

4651 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ എടയൂർ പഞ്ചായത്തിലെ ഒടുങ്ങാട്ടുകുളം ആഴം കൂട്ടി സംരക്ഷണ ഭിത്തി നിർമ്മിച്ച് നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസലും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; ആയത് സംബന്ധിച്ച് എടയൂർ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ (ഇറിഗേഷൻ) ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കി കുളം നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## മുക്കം നഗരസഭയിലെ വട്ടോളി ക്ഷേത്രക്കുളം നവീകരണം

4652 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളമായുപയോഗിക്കുന്ന മുക്കം നഗരസഭയിലെ വട്ടോളി ദേവീക്ഷേത്രക്കുളം നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## തിരുവനന്തപുരം നഗരസഭ പ്രദേശത്തുള്ള കുളങ്ങളുടെ സംരക്ഷണം

4653 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ തിരുവനന്തപുരം നഗരസഭ പ്രദേശത്തുള്ള കുളങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുളങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി കഴിഞ്ഞ മൂന്ന് വർഷക്കാലം സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കുളങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അവയുടെ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ?

## മൂന്നാംകടവ് മിനി അണക്കെട്ട് നിർമ്മാണം

4654 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് മിനി അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ അണക്കെട്ട് നിർമ്മാണത്തിന്റെ ഭാഗമായി എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരുമെന്ന് അറിയിക്കുമോ;

(സി) ഈ അണക്കെട്ട് നിർമ്മിക്കുന്നതിലൂടെ ശേഖരിക്കുന്ന ജലം ഏതെല്ലാം പ്രദേശങ്ങളിലെ കുടിവെള്ള, കാർഷിക, ജലസേചന ആവശ്യങ്ങൾക്ക് ഉപകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച ഉദുമ മണ്ഡലത്തിലെ എരഞ്ഞിപ്പുഴ ചെക്ക് ഡാമിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ?

## കാഞ്ഞിരപ്പുഴ ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തി

4655 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഘട്ടം-2 പ്രകാരം കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

## ശിരുവാണി പദ്ധതി

4656 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച ഫണ്ടിനത്തിൽ എത്ര കോടി രൂപയാണ് തമിഴ്നാട് സർക്കാരിൽ നിന്ന് തിരികെ ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ശിരുവാണി ഡാമുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാർ നൽകിയ ശമ്പളയിനത്തിൽ എത്ര കോടി രൂപയാണ് തമിഴ്നാട് സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തിയിനത്തിൽ ഏജൻസി ചാർജ്ജായി തമിഴ്നാട് സർക്കാരിൽ നിന്നും എത്ര കോടി രൂപയാണ് ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ഡാം ഉൾപ്പെടുന്ന ഭൂമിയുടെ വാടകയിനത്തിൽ എത്ര തുകയാണ് തമിഴ്നാട് സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിൽ പൂർത്തിയായ പ്രവൃത്തികൾക്കും ഇനി പൂർത്തിയാവാനുള്ള പ്രവൃത്തികൾക്കുമായ് ആക്ഷൻ പ്ലാനിൽ എത്ര കോടി രൂപയാണ് തമിഴ്നാട് സർക്കാർ നൽകേണ്ടത്; വ്യക്തമാക്കാമോ;

(എഫ്) നിലവിൽ പ്രസ്തുത പദ്ധതിയുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ ബാലൻസ് തുക എത്രയാണെന്ന് അറിയിക്കാമോ;

(ജി) ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശിക തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഐക്കാട് ചെക്ക് ഡാം നിർമ്മാണം

4657 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ഐക്കാട് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ചെക്ക്ഡാം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**ചന്ദ്രഗിരി പുഴയിൽ ചെക്ക് ഡാമുകൾ**

4658 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രഗിരി പുഴയുടെ ഏതെല്ലാം സ്ഥലങ്ങളിൽ ആണ് ജലവിഭവ വകുപ്പ് ചെക്ക് ഡാമുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പുഴ ഒഴുകുന്ന പനത്തടി, കള്ളാർ, കോടോം-ബേളൂർ ഗ്രാമപഞ്ചായത്തുകളിൽ എവിടെയെല്ലാമാണ് പുതുതായി ചെക്ക് ഡാമുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനായി എവിടെയെല്ലാം നടപടികൾ സ്വീകരിച്ചതെന്നും വിശദമാക്കാമോ?

**പമ്പയാറ്റിൽ മൂലക്കയം പ്രദേശത്ത് ചെക്ക് ഡാം കം കോസ്‌വേ**

4659 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി പഞ്ചായത്ത് പന്ത്രണ്ടാം വാർഡിലെ മൂലക്കയം പ്രദേശവും റാന്നി മണ്ഡലത്തിലെ പെരുനാട് പഞ്ചായത്തിലെ എട്ടാം വാർഡിലെ കിസുമം പ്രദേശവും ബന്ധിപ്പിച്ച് പമ്പയാറ്റിൽ ഒരു ചെക്ക് ഡാം കം കോസ്‌വേ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പിറവം മണ്ഡലത്തിലെ പുഴ സംരക്ഷണഭിത്തി നിർമ്മാണം**

4660 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2021 മുതൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; ഇതിനായി 2021 മുതൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഭരണാനുമതിക്കായി നിലവിൽ എത്ര പ്രൊപ്പോസലുകൾ പെൻഡിംഗ് ഉണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

**കടലേറ്റ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥിരാനുമതി**

4661 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ കടലേറ്റം രൂക്ഷമായ എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, പെരിഞ്ഞനം, മതിലകം, കൈപ്പമംഗലം ഗ്രാമപഞ്ചായത്തുകൾ, ആയതിനുള്ള പരിഹാര നടപടിയെന്ന നിലക്ക് ജിയോബാഗ് സ്ഥാപിക്കുന്നതിനായി എല്ലാ വർഷവും മുൻകൂർ അനുമതി വാങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലാവസ്ഥ വ്യതിയാനം മൂലം കടലേറ്റ സാധ്യതകൾ മുൻകൂട്ടി കാണാനോ പ്രവചിക്കാനോ സാധിക്കാത്ത സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത തീരദേശ പഞ്ചായത്തുകൾക്ക് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥിരാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

## <u>ചവറ മണ്ഡലത്തിൽ കടൽ ഭിത്തിയും പുലിമുട്ടും നിർമ്മാണം</u>

4662 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ വെള്ളനാതുരുത്ത് മുതൽ നീണ്ടകര വരെയുള്ള പ്രദേശത്ത് കടൽഭിത്തിയും പുലിമുട്ടും നിർമ്മിയ്ക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്ത് എത്ര പുലിമുട്ടുകളാണ് നിർമ്മിയ്ക്കാൻ ഉദ്ദേശിക്കുന്നത് ; പ്രസ്തുത പ്രദേശങ്ങൾക്കിടയിൽ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര ദൂരത്തിലാണ് കടൽ ഭിത്തി നിർമ്മിയ്ക്കുന്നത്; വ്യക്തമാക്കാമോ?

## <u>തീരങ്ങൾ സംരക്ഷിക്കാൻ നടപടി</u>

4663 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി കടൽ കയറുന്ന കേരളത്തിലേ തീരങ്ങൾ കല്ലുകെട്ടി സംരക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കടൽ കയറ്റം മൂലം നാശനഷ്ടം സംഭവിച്ച പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>ഐ.വി.കെട്ടിൽ സ്ലൂയിസ് നിർമ്മാണം</u>

4664 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ സ്ലൂയിസ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഇതിന്റെ നിർമ്മാണോദ്ഘാടനം നടത്തിയ തീയതി എന്നാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; സ്ലൂയിസ് നിർമ്മാണ പ്രവൃത്തി കൊണ്ട് പ്രസ്തുത പ്രദേശത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## കോളിക്കടവ് വേട്ടുണ്ട വരപ്പുറത്ത്കണ്ടി റോഡ് നവീകരണം

4665 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്ന് പോകുന്ന കോളിക്കടവ് വേട്ടുണ്ട വരപ്പുറത്ത്കണ്ടി റോഡ് നവീകരിക്കുന്നതിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടും വാട്ടർ അതോറിറ്റിയുടെ അനുമതി ലഭിക്കാത്തത് കാരണം പ്രവൃത്തി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിനായി കോട്ടൂർ ഗ്രാമ പഞ്ചായത്ത് എപ്പോഴാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ഈ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നും വിശദമാക്കാമോ;

(സി) എം.എൽ.എ. ഫണ്ടിന്റെ കാലാവധി അവസാനിക്കും മുമ്പ് പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തിക്ക് അനുമതി നൽകുന്നതിനുള്ള സത്വരനടപടി സ്വീകരിക്കാമോ?

## ഭാരതപ്പുഴയും ബിയ്യം കായലും തമ്മിലുള്ള ഇന്റർ ലിങ്കിംഗ്

4666 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോൾ മേഖലയിലെ കാർഷിക അഭിവൃദ്ധി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയും ബിയ്യം കായലും തമ്മിലുള്ള ഇന്റർ ലിങ്കിംഗ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

## ബാക്കിക്കയം റെഗുലേറ്റർ

4667 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ബാക്കിക്കയം റെഗുലേറ്ററിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്ന് അറിയിക്കാമോ; പ്രസ്തുത റെഗുലേറ്ററിന്റെ ചുമതല വഹിക്കുന്നത് ഏത് ഉദ്യോഗസ്ഥനാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഈ റെഗുലേറ്ററിന്റെ ഷട്ടർ ഉയർത്തുന്നതും താഴ്ത്തുന്നതും ഏത് വകുപ്പാണെന്നും ഏത് ഓഫീസിനാണ് ചുമതലയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത റെഗുലേറ്റർ നിർമ്മാണത്തിന്റെ ഭാഗമായി റെഗുലേറ്ററിന്റെ പരിസരത്ത് പുഴയുടെ സൈഡ് കെട്ടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഇത്തിക്കര ആറിന് കുറുകെ ടാക്കൂർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി

4668 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഇത്തിക്കര ആറിന് കുറുകെ (ഞവരുർ കടവ് ) ട്രാക്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

## ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

4669 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ, തൃക്കരിപ്പൂർ മണ്ഡലങ്ങളിലെ ഇരുന്നൂറ്റമ്പത് ഹെക്ടറോളം വരുന്ന പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതും കണ്ണൂർ, കാസർഗോഡ് ജില്ലകളെ ബന്ധിപ്പിക്കുന്നതുമായ ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ റഗുലേറ്റർ കം ബ്രിഡ്ജുകളുടെ നിർമ്മാണം

4670 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്റർ കം ബ്രിഡ്ജ്, ബാപ്പുകൽ റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കടക്കാട്ടുപാറ ആലുംകടവിൽ റെഗുലേറ്റർ നിർമ്മാണം

4671 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കടക്കാട്ടുപാറ ആലുംകടവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള എഫ്.എ2/2510/23 എന്ന ഫയലിന് മുൻഗണന നൽകി കിഫ്ബിക്ക് സമർപ്പിക്കാമോയെന്ന് വ്യക്തമാക്കാമോ?

## കേരള വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

4672 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ വിവിധ തസ്തികകളിലെ ജീവനക്കാർക്ക് ഒരു ഓഫീസിൽ പരമാവധി എത്ര വർഷം ജോലി ചെയ്യാം എന്നതിന് മാനദണ്ഡം

നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ഉത്തരവുകൾ ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ആസ്ഥാന ഓഫീസിൽ അഞ്ച് വർഷത്തിലധികമായി ജോലിചെയ്ത് വരുന്ന എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ തിരുവനന്തപുരം ജില്ലയിൽ എൽ.ഡി.ക്ലാർക്ക്/ യു.ഡി.ക്ലാർക്ക് തസ്തികയിൽ ഓരേ സ്റ്റേഷനിൽ അഞ്ച് വർഷത്തിൽ കൂടുതൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേരും ഓഫീസ് മേൽവിലാസവും അവർ എത്ര വർഷമായി ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്നു എന്ന വിവരവും ലഭ്യമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റിയിൽ അഞ്ച് വർഷത്തിൽ കൂടുതൽ ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കാത്തതിന് കാരണം വ്യക്തമാക്കാമോ; ഇത്തരത്തിലുള്ള ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഇറിഗേഷൻ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകൾ

4673 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ ആസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും ജില്ലാ ഓഫീസുകൾക്ക് കീഴിലുള്ള വിവിധ ഓഫീസുകളിലുമായി ടൈപ്പിസ്റ്റ് കാറ്റഗറിയിൽ എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട് എന്നീ വിഭാഗങ്ങളിൽ എത്ര വീതം അംഗീകൃത തസ്തികകളാണ് നിലവിലുള്ളതെന്ന് പറയാമോ; ഇതിൽ ഓരോ വിഭാഗത്തിലും എത്ര വീതം ഒഴിവുകളുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണം, ഒഴിവുകൾ ഉണ്ടായ തീയതി സഹിതം ആസ്ഥാന ഓഫീസും ജില്ലാ ഓഫീസുകളും മറ്റ് ഓഫീസുകളും തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇറിഗേഷൻ വകുപ്പിൽ നിലവിലുള്ള എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ; എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇറിഗേഷൻ വകുപ്പിൽ വിവിധ ടൈപ്പിസ്റ്റ് വിഭാഗങ്ങളിലായി എത്ര തസ്തികകളാണ് നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം തസ്തികകൾ എത്രവീതം എന്ന വിവരം തസ്തികകൾ നിർത്തലാക്കുന്നതിനുള്ള കാരണം സഹിതം ലഭ്യമാക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

4674 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ജലസേചന വകുപ്പ് 2020-21, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

## <u>കാട്ടാക്കട മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പദ്ധതികൾ</u>

4675 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മുതൽ 2024 മെയ് വരെ അനുമതി ലഭ്യമായ മൈനർ/മേജർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>കുറ്റ്യാടി ഇറിഗേഷൻ പദ്ധതി</u>

4676 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിലെ നിർമ്മിതികളുടെ പുനരുദ്ധാരണത്തിനായി 2024-25 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

## <u>മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണം</u>

4677 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ നാലുകോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് പദ്ധതിയുടെ ഡിസൈൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

## <u>ഇരവിപുരം മണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ പ്രവൃത്തികൾ</u>

4678 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ ഇരവിപുരം മണ്ഡലത്തിൽ നിന്നും എത്ര പ്രൊപ്പോസലുകൾ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) അതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ 2019-20 മുതൽ 2024 - 25 വരെയുള്ള ജലവിഭവ വകുപ്പ് പദ്ധതി**

4679 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 മുതൽ 2024 - 25 വരെയുള്ള മഞ്ചേശ്വരം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**കുറ്റ്യാടി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

4680 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിനു കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെ; പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക, കരാറുകാരന്റെ വിവരങ്ങൾ, പൂർത്തീകരണ കാലാവധി എന്നിവ വിശദമാക്കാമോ?

**തവനൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ**

4681 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽ 2021 മുതൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

**വാമനപുരം മണ്ഡലത്തിലെ പഴയ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ**

4682 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കല്ലറ വാട്ടർ സപ്ലൈ സെക്ഷന്റെ കീഴിൽ ചാമവിള മുതൽ നെല്ലിമുക്ക് വരെയും കെ.റ്റി.കുന്ന് മുതൽ പാട്ടറ വരെയുമുള്ള പഴയ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ കാലാവധി എന്നുവരെയാണെന്നും എത്ര തുകയാണ് ഇതിനായി കിഫ്ബി ഫണ്ടിലൂടെ അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) പദ്ധതി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തതുമൂലം കിഫ്ബി ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം താമസംവിനാ ആരംഭിക്കുമെന്നതിനാലും പ്രസ്തുത പൈപ്പ് ലൈൻ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?തിനാൽ?

**ഒറ്റപ്പാലം മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പ്രവൃത്തികൾ**

4683 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ, മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾക്ക് കീഴിലുള്ള, ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഭരണാനുമതി ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാൽമോ?

## ആലത്തൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലെ പദ്ധതികൾ

4684 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ജലവിഭവ വകുപ്പിന് കീഴിൽ (മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, ഭൂഗർഭ ജല വകുപ്പ്, വാട്ടർ അതോറിറ്റി) ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിലെ നീണ്ടകര - കരുമഞ്ചേരി പാലം നിർമ്മാണം

4685 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ നീണ്ടകര -കരുമഞ്ചേരി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മേജർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

4686 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഗുരുവായൂർ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, അഡീഷണൽ ഇറിഗേഷൻ സെക്ഷൻ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പേരു വിവരങ്ങൾ, അടങ്കൽ തുക, നിലവിലെ സ്ഥിതി, പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

4687 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അവയിൽ പ്രവൃത്തി ആരംഭിച്ചതും എന്നാൽ പൂർത്തീകരിക്കാൻ ശേഷിക്കുന്നതുമായ പദ്ധതികളുടെ എണ്ണം വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## ജലവിതാനം സംരക്ഷിക്കാൻ നടപടി

4688 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉഷ്ണതരംഗം ജലവിതാനത്തെ (വാട്ടർ ടേബിളിനെ) എപ്രകാരമാണ് ബാധിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജലവിതാനത്തെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## വാട്ടർ ബഡ്ജറ്റിംഗ്

4689 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എ. രാജ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം കണ്ടെത്തുന്നതിന് പഞ്ചായത്ത് തലംവരെ വാട്ടർ ബഡ്ജറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭൂജല വകുപ്പിന്റെ ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതിയിലൂടെ ഭൂജല സ്രോതസ്സുകളെ പരിപോഷിപ്പിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു; വ്യക്തമാക്കുമോ;

(സി) ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി ജല സുരക്ഷ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## നീർത്തട മാസ്റ്റർ പ്ലാനുകൾ പരിഷ്കരിക്കുന്നതിന് നടപടി

4690 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ മാറ്റങ്ങൾക്ക് അനുസൃതമായി നീർത്തട മാസ്റ്റർ പ്ലാനുകൾ പരിഷ്കരിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**ജലജീവൻ മിഷൻ പദ്ധതി പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണം**

4691 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതി പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി 2023-24 കാലയളവിൽ വകുപ്പ് വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും നിർവഹണ പുരോഗതി റിപ്പോർട്ടും ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**ജലജീവൻ മിഷനുവേണ്ടി കുഴിച്ച മങ്കടയിലെ റോഡുകളുടെ നവീകരണം**

4692 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ചതിന്റെ ഫലമായി സഞ്ചാരയോഗ്യമല്ലാതായിത്തീർന്ന മങ്കട നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിലെ റോഡുകൾ നാളിതുവരെ പൂർവസ്ഥിതിയിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മങ്കട നിയോജകമണ്ഡലത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ച ഏതെല്ലാം റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ ബാക്കിയുണ്ട്; ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**നദികളിൽ വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്ന പദ്ധതി**

4693 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ എം മുകേഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പരമ്പരാഗത ജലസംരക്ഷണ രീതികളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മഴക്കാല നീരൊഴുക്കിന് തടസ്സം വരാതെ, നദികളിലും ഉപനദികളിലുമായി വേനൽക്കാലത്തേക്ക് ആവശ്യമായ വെള്ളം സംഭരിക്കുന്നതിനുള്ള വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ജലസംഭരണികൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നും നദികളെ തന്നെ ജലസംഭരണികളാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

**എ.ഡി.ബി.യുടെ സഹായത്തോടെ കൊച്ചി നഗരത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി**

4694 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. സഹായത്തോടെ കൊച്ചി നഗരത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ കരാർ തുക കുറയ്ക്കണമെന്ന് കരാർ ഏറ്റെടുത്ത കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു ആവശ്യം ഉന്നയിച്ചത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യം കമ്പനി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കാരണമാണ് കമ്പനി ചൂണ്ടിക്കാട്ടിയിട്ടുള്ളത്; മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും കരാർ ലഭിച്ച കമ്പനി ക്വാട്ട് ചെയ്ത തുക എത്രയാണെന്നും അറിയിക്കാമോ; ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ജലജീവൻ മിഷൻ മുഖേനയുള്ള വെള്ളത്തിന്റെ തുക

4695 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി പ്രകാരമുള്ള ഗാർഹിക കണക്ഷനുകൾക്ക് ഏതൊക്കെ ഇനങ്ങളിലാണ് ഉപഭോക്താവ് പണം അടയ്ക്കേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കണക്ഷനുകൾ മുഖേന ഉപയോഗിക്കുന്ന വെള്ളത്തിന്റെ തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് തുകയുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷമുള്ള അറ്റകുറ്റപ്പണികൾ ആരുടെ ചുമതലയാണെന്നും ആയതിന് ഗുണഭോക്താവ് പണം അടയ്ക്കേണ്ടതുണ്ടോയെന്നും വ്യക്തമാക്കുമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ ജലജീവൻ കുടിവെള്ള പദ്ധതി

4696 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിലെ ജലജീവൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിച്ചതും തദ്ദേശസ്വയംഭരണ വകുപ്പുമുഖേന പൂർത്തീകരിക്കുന്നതിന് ധനാനുമതി നൽകിയതുമായ റോഡുകളുടെ പുനരുദ്ധാരണ തുക നന്നമ്പ്ര പഞ്ചായത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) തുക ഡെപ്പോസിറ്റ് ചെയ്യുന്നില്ലെങ്കിൽ, പുനരുദ്ധാരണ പ്രവൃത്തികളുടെ നിർവഹണം ഏത് രൂപത്തിൽ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലജീവൻ കുടിവെള്ള പദ്ധതിയുടെ നിർവഹണം നടത്തേണ്ടത് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുന്നത് പ്രകാരമായിരിക്കണം എന്നാണോ നിർദേശത്തിൽ പറയുന്നത്; വിശദമാക്കാമോ; ഇക്കാര്യം പഞ്ചായത്ത് ഭരണസമിതികളെ അറിയിച്ചിരുന്നോ; വിശദമാക്കാമോ;

(ഡി) എങ്കിൽ നന്നമ്പ്ര പഞ്ചായത്തിലെ ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പുമുഖേന പൂർത്തീകരിക്കണമെന്നും പ്രസ്തുത പ്രവൃത്തികളുടെ തുക പഞ്ചായത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യണമെന്നും നന്നമ്പ്ര പഞ്ചായത്ത്

ഭരണസമിതി തീരുമാനമെടുക്കുകയും പ്രസ്തുത തീരുമാനം ഉള്ളടക്കം ചെയ്ത് ഗ്രാമപഞ്ചായത്തും മണ്ഡലം എം.എൽ.എ.യും കത്ത് നൽകിയിട്ടും പ്രസ്തുത തുക പഞ്ചായത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത തുക പഞ്ചായത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഓട്ടോമാറ്റിക് വാട്ടർ മീറ്റർ റീഡിംഗ്</u>

4697 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി, ഓട്ടോമാറ്റിക് വാട്ടർമീറ്റർ റീഡിംഗ് ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇപ്രകാരമുള്ള വാട്ടർമീറ്റർ ഉപയോഗിക്കുന്നതു വഴി എന്തൊക്കെ ഗുണങ്ങളാണ് പ്രതീക്ഷിക്കുന്നത്; ഇതുമൂലം ചെലവിനത്തിൽ എത്ര തുക ലാഭിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് എപ്രകാരമാണ് വഹിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>

4698 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ, മലയോര, ഗ്രാമീണ മേഖലകളിലെ കുടിവെള്ള കണക്ഷനുകളിൽ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ മാത്രമാണ് വെള്ളം ലഭിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ സംസ്ഥാനത്തൊട്ടാകെ, വിദൂര വനമേഖലകളിലെ പട്ടികവർഗ്ഗ പ്രദേശങ്ങളിലടക്കം, മുടക്കമില്ലാതെ കുടിവെള്ളം എത്തിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) കൂടുതൽ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ?

## <u>തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പമ്പ് ഹൗസുകൾ</u>

4699 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നിലവിൽ എത്ര പമ്പ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പ്രദേശങ്ങൾ തിരിച്ച്

വിശദമാക്കാമോ;

(ബി) പ്രസ്തുത പമ്പ് ഹൗസുകളെല്ലാം പൂർണ്ണമായും പ്രവർത്തനസജ്ജമാണോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പമ്പ് ഹൗസുകളിൽ നിലവിൽ എന്തെങ്കിലും അറ്റകുറ്റപ്പണികളോ, മെക്കാനിക്കൽ ജോലികളോ, ഇലക്ട്രിക് വർക്കുകളോ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച റിപ്പോർട്ട് ഹയർ ഓഫീസുകളിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ റിപ്പോർട്ടിന്റെയും തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അടക്കമുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

4700 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണം നടത്തുന്ന പ്രധാന പൈപ്പുകൾക്ക് കാലപ്പഴക്കവും മറ്റുതകരാറുകളും മൂലമുണ്ടാകുന്ന പൊട്ടലും ജലചോർച്ചയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരപ്രദേശങ്ങളിൽ മുൻഗണനാക്രമത്തിൽ ഇവ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന മുൻബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇതിന് സംസ്ഥാന വിഹിതമായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്; പ്രസ്തുത തുകയുടെ വിനിയോഗ വിവരം വിശദമാക്കുമോ;

(ഡി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പഴയ പൈപ്പുകൾ മാറ്റുന്ന പദ്ധതി നടപ്പാക്കുന്നത്; ആയതിന്റെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## കുടിവെള്ളം മാലിന്യമുക്തമാണെന്ന് ഉറപ്പാക്കുന്നതിന് നടപടി

4701 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട് ഡി.എൽ.എഫ്. ഫ്ലാറ്റിൽ കുടിവെള്ളം മലിനമായതിനെത്തുടർന്ന് നിരവധി പേർക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫ്ലാറ്റിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടോ; വാട്ടർ അതോറിറ്റി വിതരണം ചെയ്ത കുടിവെള്ളം മാലിന്യമുക്തമാണെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ ജലജീവൻ മിഷൻ പദ്ധതി

4702 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജലജീവൻ കുടിവെള്ള പദ്ധതി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; പ്രസ്തുത പ്രവൃത്തി കാസർഗോഡ് ജില്ലയിൽ എപ്പോൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കുടിവെള്ള വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന പദ്ധതി

4703 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ നിലവിൽ എവിടെയൊക്കെയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇത്തരം പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) കുടിവെള്ള വിതരണം സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുമ്പോൾ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും തടസ്സമില്ലാതെ സേവനം നൽകുന്നതിനും എന്തൊക്കെ മാനദണ്ഡങ്ങളാണ് സർക്കാർ മുന്നോട്ടു വച്ചിട്ടുള്ളത്; ഈ കാര്യത്തിൽ ഏതെങ്കിലും കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതി

4704 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി എഴുപത് കോടി രൂപ അനുവദിച്ച വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി

4705 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സഹായത്തോടെ നടപ്പാക്കുന്ന നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയിലൂടെ ഏതെല്ലാം പഞ്ചായത്തുകളിലുള്ളവർക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം നൽകാമോ;

(സി) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

## നദികളുടെ സ്വാഭാവിക ഒഴുക്ക് സുഗമമാക്കാൻ പദ്ധതി

4706 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലൂടെയും കൈത്തോടുകളിലൂടെയും ഒഴുകുന്ന ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് സുഗമമാക്കുന്നതിനായി അവ വൃത്തിയാക്കി ആഴം കൂട്ടാൻ പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സർവ്വേ നടത്താൻ നിർദ്ദേശിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കല്ലായി പുഴയിലെ ചെളി നീക്കൽ പദ്ധതി

4707 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കല്ലായി പുഴയിലെ ചെളി നീക്കൽ പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വാട്ടർ അതോറിറ്റിയിൽ ഓൺലൈൻ സ്ഥലംമാറ്റം

4708 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓൺലൈൻ സ്ഥലംമാറ്റത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് കരട് പട്ടിക റദ്ദാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ജി-സ്പാർക്ക് വഴി അപേക്ഷകൾ തയ്യാറാക്കിയ പട്ടികയിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെടാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഒരേ തസ്തികയിൽ വർഷങ്ങൾ പൂർത്തിയാക്കിയവരുടെ വിശദാംശം ഓഫീസുകളുടെ ചുമതലയുള്ളവർ റിപ്പോർട്ട് ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഓൺലൈൻ സ്ഥലംമാറ്റത്തിലെ ക്രമക്കേടുകൾ വിജിലൻസ് വിഭാഗം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ?

## ജീവനക്കാരുടെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

4709 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിലെ ജീവനക്കാരുടെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലേക്ക് നിലവിൽ ഏത് രീതിയിലാണ് പ്രീമിയം ഒടുക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രീമിയം ഈടാക്കുന്നതിൽ ജീവനക്കാരുടെ വിഹിതം കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം

തീരുമാനമെടുത്തത്; ജീവനക്കാരുടെ വിഹിതമായി എത്ര ശതമാനം തുകയാണ് ഈടാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ജീവനക്കാരിൽ നിന്നും വിഹിതം ഈടാക്കുന്നതിന് പകരം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന്റെ കൂടുതൽ ഭാഗം ഇൻഷുറൻസ് പ്രീമിയത്തിലേക്ക് വകയിരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വെള്ളക്കര ഇനത്തിലെ കുടിശിക പിരിച്ചെടുക്കാൻ നടപടി

4710 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ നിലവിലെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) വാട്ടർ അതോറിറ്റിക്ക് പൊതുമേഖലാ സ്ഥാപനങ്ങൾ നല്കാനുള്ള കുടിശിക തുക യഥാസമയം പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) വെള്ളക്കരം സമയബന്ധിതമായി അടയ്ക്കാത്ത വൻകിട ഉപഭോക്താക്കൾക്ക് എതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) സംസ്ഥാനം കനത്ത ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ നിയമവിരുദ്ധമായ ജലചൂഷണവും വർദ്ധിച്ചുവരുന്ന ജലമോഷണവും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ഇ) പൊതുടാപ്പുകൾ ശരിയായ രീതിയിൽ പരിപാലിക്കാത്തതുമൂലം ജലനഷ്ടം ഉണ്ടാകുന്നത് പരിഹരിച്ച് വാട്ടർ അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

## കുടിവെള്ള വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന പദ്ധതി

4711 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണം എ.ഡി.ബി.യുടെ സഹായത്തോടെ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ വാട്ടർ അതോറിറ്റിയിലെ തൊഴിലാളി സംഘടനകൾ എതിർപ്പ് ഉയർത്തിയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ വ്യവസ്ഥകൾ സംബന്ധിച്ചാണ് എതിർപ്പ് ഉയർത്തിയിട്ടുള്ളതെന്നും ഈ കാര്യത്തിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദാംശം വ്യക്തമാകുമോ;

(സി) സ്വകാര്യ കമ്പനികൾ മുഖേന ജലവിതരണം നടത്തുമ്പോൾ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും തൊഴിലാളികളുടെ താല്പര്യങ്ങൾ

സംരക്ഷിക്കുന്നതിനുമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## വാട്ടർ മീറ്ററുകൾ മാറ്റുന്നതിനുള്ള ചാർജ്

4712 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ മീറ്ററുകൾ മാറ്റുന്നതിനുള്ള ചാർജിൽ വർദ്ധന വരുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) സീവേജ് കണക്ഷനുമായി ബന്ധപ്പെട്ട ഫീസ് വർദ്ധനയ്ക്ക് കേരള വാട്ടർ അതോറിറ്റി സർക്കാരിലേക്ക് ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) നിലവിൽ സീവേജ് കണക്ഷന് എത്ര തുകയാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വാട്ടർ മീറ്ററുകൾ മാറ്റുവാൻ നിലവിൽ എത്ര രൂപയാണ് ഈടാക്കുന്നതെന്ന് അറിയിക്കാമോ?

## വാട്ടർ ചാർജ് കുടിശിക ഈടാക്കാൻ സ്വീകരിച്ച നടപടി

4713 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് കുടിശിക ലഭിക്കാത്തതു മൂലം 2021 മുതൽ നാളിതുവരെ വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടം എത്രയാണെന്ന് അറിയിക്കുമോ;

(ബി) വാട്ടർ ചാർജ് കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയും അതിൻപ്രകാരം ഈടാക്കിയ തുകയും വെളിപ്പെടുത്തുമോ?

## ഗ്രാമീണ ഗ്രന്ഥശാലകൾക്കുള്ള വെള്ളക്കരം

4714 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രാമീണ ഗ്രന്ഥശാലകൾ ഉപയോഗിക്കുന്ന വെള്ളത്തിനുള്ള കരം ഏത് നിരക്കിലാണ് ഈടാക്കിവരുന്നത്; വിശദമാക്കാമോ;

(ബി) നാമമാത്ര വരുമാനമുള്ള ഗ്രാമീണ ഗ്രന്ഥശാലകൾ ഉപയോഗിക്കുന്ന വെള്ളത്തിനുള്ള കരം ഗാർഹിക നിരക്കിൽ നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം

4715 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച, ജലമോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുന്നത് എന്നിവ മൂലം ജല അതോറിറ്റിക്കുണ്ടാകുന്ന വരുമാന നഷ്ടം കുറയ്ക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

## സേവനങ്ങളുടെ ഫീസ് നിരക്ക് വർധന

4716 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വഴി ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സേവനങ്ങളുടെ ഫീസ് നിരക്കാണ് വർദ്ധിപ്പിക്കുന്നത്; എത്ര തോതിലാണ് വർദ്ധിപ്പിക്കുന്നത്; അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) വാട്ടർ ചാർജ് മൂന്നിരട്ടിയായി വർധിപ്പിച്ചത് മൂലം ജനങ്ങൾ അധികഭാരം അനുഭവിക്കുന്ന നിലവിലെ സാഹചര്യത്തിൽ സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന മേൽപ്പറഞ്ഞ തീരുമാനത്തിൽ നിന്ന് സർക്കാർ പിൻമാറുമോ; വ്യക്തമാക്കുമോ?

## കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം

4717 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണ അപാകതകൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണ നടപടികൾ സംബന്ധിച്ച തീരുമാനം വ്യക്തമാക്കാമോ?

## സിവറേജ് കണക്ഷനുകളുടെ ബിൽ തുക

4718 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവറേജ് കണക്ഷനുകൾക്ക് എപ്രകാരമാണ് ബിൽതുക കണക്കാക്കുന്നതെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളുടെ സിവറേജ് കണക്ഷന് എപ്രകാരമാണ് ബിൽ തുക കണക്കാക്കുന്നതെന്നും വിശദമാക്കാമോ;

(ബി) കുടിവെള്ള കണക്ഷൻ ഉണ്ടായിരിക്കുകയും അതുമുഖേന വളരെ കുറച്ച് മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന ഉപഭോക്താക്കൾക്ക് എപ്രകാരമാണ് ബിൽ തുക കണക്കാക്കുന്നതെന്ന് വിശദമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലം-ജലജീവൻ പദ്ധതി

4719 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ജലജീവൻ മിഷൻ വഴി ഓരോ പഞ്ചായത്തിലും ശുദ്ധജലം എത്തിയ്ക്കുന്നതിന് എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

**പീരുമേട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

4720 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പീരുമേട് മണ്ഡലത്തിൽ നാളിതുവരെ എത്ര വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ടെണ്ടർ നടപടികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ടെൻഡർ ഏറ്റെടുത്ത ഏജൻസികളുടെ വിവരം അറിയിക്കാമോ;

(സി) പ്രസ്തുത ഏജൻസികൾ പ്രവൃത്തികൾ ആരംഭിക്കാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി ആരംഭിക്കാൻ കാലതാമസം വരുത്തുന്ന കരാറുകാർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) ഇടുക്കി ജില്ലയിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര വാട്ടർകണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**വർക്കല മണ്ഡലത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി**

4721 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതെല്ലാം റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിൽ നിന്നും അനുമതി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ റോഡുകൾ നവീകരിക്കുന്നതിന് സാധിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നവീകരിക്കാൻ സാധിക്കാത്തത് ഏതെല്ലാം റോഡുകളാണെന്ന് വിശദമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

4722 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി ഓരോ പഞ്ചായത്തിലും എത്ര കോടി രൂപയാണ് ഭരണാനുമതി നൽകിയതെന്നും നടന്നുവരുന്ന പ്രവൃത്തിയുടെ പുരോഗതിയും വിശദമാക്കാമോ;

(ബി) പൈപ്പ് ഇടാൻ ഗ്രാമീണ റോഡുകൾ കുഴിക്കുകയും പൂർവ്വസ്ഥിതിയിലാക്കാൻ കാലതാമസം എടുക്കുന്നതു മൂലം റോഡുകൾ തകരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി**

4723 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ ജലജീവൻ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എത്ര കിലോമീറ്റർ നീളത്തിലാണ് ഗ്രാമീണ റോഡുകൾ പൊളിക്കേണ്ടിവന്നിട്ടുള്ളതെന്ന് പഞ്ചായത്തുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി പൊളിച്ച ഗ്രാമീണ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് എത്ര രൂപ വീതമാണ് കേരള വാട്ടർ അതോറിറ്റി ചെലവഴിക്കുന്നതെന്ന് പഞ്ചായത്തുകളും പ്രവൃത്തിയുടെ പേരും തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ട ചുമതല കേരള വാട്ടർ അതോറിറ്റിക്കാണോയെന്നും ഇതിനായി പ്രത്യേകം കരാറുകൾ നൽകുന്നുണ്ടോയെന്നും അറിയിക്കാമോ; പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഒപ്പമാണ് റെസ്റ്റോറേഷൻ നടത്തേണ്ടതെങ്കിൽ അക്കാര്യവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഗ്രാമീണ റോഡുകൾ ഏതെല്ലാം പഞ്ചായത്തുകളിലാണ് പൂർവ്വസ്ഥിതിയിലാക്കിയിട്ടുള്ളതെന്നും ഇനിയും ഏതെല്ലാം പഞ്ചായത്തുകളിലാണ് പൂർത്തീകരിക്കാനുള്ളതെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ;

(ഇ) മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും ഏറ്റെടുത്തിട്ടുള്ള കരാറുകാരുടെ വിശദവിവരങ്ങൾ പ്രസ്തുത കരാറുകാരുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പരടക്കം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**കൊണ്ടോട്ടി വാട്ടർ അതോറിറ്റിയുടെ ആസ്ഥാനത്ത് ജല ഗുണമേന്മ പരിശോധന ലാബ്**

4724 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ ആസ്ഥാനത്ത് ജല ഗുണമേന്മ പരിശോധന ലാബ് തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**മട്ടന്നൂർ മണ്ഡലത്തിലെ ജലനിധി പദ്ധതി**

4725 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ മണ്ഡലത്തിൽ എത്ര കണക്ഷനുകൾ നൽകി എന്ന് വിശദമാക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കോട്ടക്കൽ മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള ടാങ്ക് സ്ഥാപിക്കാൻ നടപടി**

4726 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിൽ മാറാക്കര പഞ്ചായത്തിലെ മലയിൽഭാഗത്ത് കുടിവെള്ളം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; അതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

4727 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നത് കാരണം വടക്കാഞ്ചേരി മണ്ഡലത്തിൽ കൊട്ടേക്കാട് - മുണ്ടൂർ പി.ഡബ്ല്യൂ.ഡി. റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**കാട്ടാക്കട മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

4728 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ 2024 മെയ് മാസം വരെ നടപ്പിലാക്കിയതും അനുമതി ലഭ്യമായതുമായ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അവയിൽ നബാർഡ് ഫണ്ട്, എം.എൽ.എ ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ പദ്ധതിയടിസ്ഥാനത്തിൽ തരം തിരിച്ച് വ്യക്തമാക്കാമോ?

**കടൽ സുരക്ഷാസേനയ്ക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പാക്കാൻ നടപടി**

4729 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടലിൽ മുങ്ങിപ്പോകുന്നവർക്കായി രക്ഷാപ്രവർത്തനം നടത്തുന്ന കടൽ സുരക്ഷാസേനയിൽ നിലവിൽ എത്ര മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; രക്ഷാപ്രവർത്തനത്തിൽ മാതൃകാപരമായ ഇടപെടൽ നടത്തുന്ന ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കടൽ സുരക്ഷാസേന നൽകുന്ന സേവനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഇവർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് നടപടി

4730 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്ത് മത്സ്യലഭ്യത കുറയുന്നതിനെ സംബന്ധിച്ച് വകുപ്പ് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കാലവർഷം ശക്തിപ്പെട്ടതോടെ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

4731 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) യുവാക്കളെയും പുതു തലമുറയെയും ആകർഷിക്കുന്നതിന് സ്വയംതൊഴിൽ എന്ന നിലയിൽ സ്വാഭാവിക കുളങ്ങളിലും, കൃത്രിമ കുളങ്ങളിലും വിദേശ രാജ്യങ്ങളിൽ ആവശ്യക്കാരുള്ള ശുദ്ധജല മത്സ്യങ്ങളെയും, ഞണ്ടുകളെയും മറ്റും വളർത്തി കയറ്റി അയക്കുന്ന പദ്ധതികളോ സർക്കാർ സഹായങ്ങളോ നിലവിലുണ്ടോ, ഇല്ലെങ്കിൽ ആയത് പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്ക്കരിക്കുമോ. ;

(സി) മത്സ്യ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പരമ്പരാഗത രീതികളിൽ നിന്നും മാറി വിദേശ വിപണി ലക്ഷ്യം വെച്ച് സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ യുവ സംരംഭകർക്ക് എന്തൊക്കെ സഹായങ്ങളാണ് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ മാർക്കറ്റുകളുടെ നവീകരണം .

4732 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നിവിടങ്ങളിലെ മാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതിയെന്താണ്;

ഓരോ മാർക്കറ്റിന്റെയും നവീകരണ പ്രവൃത്തികളുടെ പുരോഗതി പ്രത്യേകം വ്യക്തമാക്കാമോ?

**<u>വേമ്പനാട്ടു കായലിലെ മത്സ്യസമ്പത്ത്</u>**

4733 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട് കായലിലെ മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കായലിൽ അനിയന്ത്രിതമായി അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽമണ്ണും ചെളിയും മാറ്റി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മാനദണ്ഡങ്ങൾ ലംഘിച്ച് ട്രോളിംഗ്</u>**

4734 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മാനദണ്ഡങ്ങൾ ലംഘിച്ച് ട്രോളിംഗ് നടത്തിയ എത്ര യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾ ഫിഷറീസ് എൻഫോഴ്സ്മെന്റ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടെന്നും എത്ര ബോട്ടുകൾക്ക് പിഴ ചുമത്തിയിട്ടുണ്ടെന്നും ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ട്രോളിംഗ് നിയന്ത്രണങ്ങൾ ആവർത്തിച്ചു ലംഘിച്ച എത്ര ബോട്ടുകൾ ഉണ്ടെന്നും ഇവർക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

**<u>അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ</u>**

4735 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിന് വേണ്ടി പൊതു അക്വേറിയങ്ങൾ, മത്സ്യഹാച്ചറികൾ, റീ സർക്കുലേറ്റിംഗ് അക്വാകൾച്ചർ സംവിധാനങ്ങൾ എന്നിവ സംസ്ഥാനത്ത് എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് മത്സ്യബന്ധന വകുപ്പ് പ്രോജക്റ്റ് സമർപ്പിച്ചിട്ടുണ്ടോ?

**<u>അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ</u>**

4736 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എം.വിജിൻ**

**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അലങ്കാര മത്സ്യകൃഷി യൂണിറ്റുകളാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത യൂണിറ്റുകൾ കൃത്യമായി ലൈസൻസ് പുതുക്കാറുണ്ടോ; വിശദമാക്കുമോ;

(സി) മത്സ്യഫാമുകളുടെയും ഹാച്ചറികളുടെയും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയെക്കുറിച്ച് കർഷകർക്ക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യൂണിറ്റുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## <u>സി.ആർ.ഇസഡ്. നിയമപ്രകാരമുള്ള അനുമതികൾ</u>

4737 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സി.ആർ.ഇസഡ്. നിയമപ്രകാരമുള്ള അനുമതികൾ ലഭിക്കാത്തതിനാൽ ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണത്തിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## <u>ആനങ്ങാടി-കടലുണ്ടി നഗരം ഫിഷറീസ് കോളനിയിലെ പട്ടയ വിതരണം</u>

4738 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളിൽ ഉൾപ്പെട്ട ആനങ്ങാടി-കടലുണ്ടി നഗരം ഫിഷറീസ് കോളനിയിലെ 18 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി കോളനിയിലെ കുടുംബങ്ങളിലെ ഓരോ അംഗത്തിനും പ്രത്യേകം എൻ.ഒ.സി. തയ്യാറാക്കി സമർപ്പിക്കുന്നതിനായി തിരൂരങ്ങാടി തഹസിൽദാർ പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത 18 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## <u>കാലാവസ്ഥാ മുന്നറിയിപ്പ് മൂലം കടലിൽ പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം</u>

4739 **ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ മുന്നറിയിപ്പ് കാരണം കടലിൽ പോകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ജീവിത മാർഗ്ഗം തടസ്സപ്പെടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും പരിഹാര മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ;

(ബി) കടലിൽ പോകുന്നതിന് നിയന്ത്രണമുള്ള ദിവസങ്ങളിലേക്ക് മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ</u>**

4740 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശവികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ</u>**

4741 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശവികസന കോർപ്പറേഷൻ വഴി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തീരദേശകോർപ്പറേഷൻ മുഖേന ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള ക്ഷേമപദ്ധതികൾ</u>**

4742 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണവുമായി ബന്ധപ്പെട്ട് നടക്കുന്ന സർവ്വേ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്; ഈ സർവ്വേയുടെ ഭാഗമായി എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സർവ്വേയിലൂടെയുള്ള വിവരശേഖരണം ഏതെല്ലാം രൂപത്തിൽ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ്

4743 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നേതൃത്വത്തിൽ 2024-25 വർഷം എന്തെല്ലാം പരിശീലന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വകുപ്പിനു കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ എല്ലാം പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവിടങ്ങളിലെ സംവിധാനങ്ങൾ ഇതര വകുപ്പുകൾക്കു കൂടി പ്രയോജനപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

## കുഡാലെ കമ്മിറ്റി റിപ്പോർട്ട്

4744 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തോടനുബന്ധിച്ച് സംഭവിച്ച തീരശോഷണം പഠിക്കാൻ നിയോഗിച്ച കുഡാലെ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## നെയ്യാറ്റിൻകര പൊഴിയൂർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കായി പുനർഗേഹം പദ്ധതി

4745 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി നെയ്യാറ്റിൻകര പൊഴിയൂർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ഇതിനായി അനുവദിച്ചതെന്ന് വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ലുമ്മക്കായ -കടൽമത്സ്യ വിത്തുല്പാദന കേന്ദ്രം

4746 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ആരംഭിച്ച കല്ലുമ്മക്കായ - കടൽമത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>അക്വാകൾച്ചർ ഡെവലപ്മെന്റിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

4747 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറക്കൽ ഫാമിലെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ എന്നാണ് സ്ഥലം അനുവദിച്ചതെന്നും ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് അക്വാകൾച്ചർ ഡെവലപ്മെന്റിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>പ്രതിഭാതീരം പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസം</u>

4748 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ലൈബ്രറികൾക്ക് അവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 28.10.2020-ന് മത്സ്യബന്ധന വകുപ്പ് ഭരണാനുമതി നൽകി ആവിഷ്കരിച്ച പ്രതിഭാതീരം പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ലൈബ്രറികൾ ഏതൊക്കെയെന്നും വൈപ്പിൻ മണ്ഡലത്തിലെ ഏതൊക്കെ ലൈബ്രറികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## <u>അമ്പലപ്പുഴ മണ്ഡലത്തിൽ പുനർഗേഹം പദ്ധതി</u>

4749 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്ന പുനർഗേഹം പദ്ധതിയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ; എത്ര കുടുംബങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നത്; ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## <u>മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ</u>

4750 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ മത്സ്യബന്ധനത്തിനിടയിൽ സംസ്ഥാനത്ത് നിന്നുള്ള എത്ര മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്; എത്ര മത്സ്യത്തൊഴിലാളികൾ തിരിച്ചെത്തിയിട്ടുണ്ട്; എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഇനിയും കണ്ടെത്താൻ കഴിയാത്ത എത്രപേരുണ്ട്; വിശദാംശം ജില്ലതിരിച്ച് വ്യക്തമാക്കുമോ?

## മുതലപ്പൊഴിയിലെ അപകടങ്ങളുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ കമ്മീഷൻ നടത്തിയ സിറ്റിങ്

4751 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ അപകടങ്ങൾ ആവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ കമ്മീഷൻ നടത്തിയ സിറ്റിങ്ങിൽ മത്സ്യബന്ധന- തുറമുഖ വകുപ്പ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) മുതലപ്പൊഴിയിൽ ദുരന്തങ്ങൾ ആവർത്തിക്കുന്നതിൽ അദാനി പോർട്സിന്റെ ഭാഗത്തുനിന്നും ഉണ്ടായ എന്തൊക്കെ വീഴ്ചകളാണ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കാൻ നടപടി

4752 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ ഫിഷറീസ് വകുപ്പിന് 15.12.2007-ൽ കൈമാറി കിട്ടിയ 50 ഏക്കർ ഭൂമിയിൽ അക്വാ പാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് 03.01.2024-ന് മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

## കാവനാട് ഫിഷ് മാർക്കറ്റ് നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ

4753 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കാവനാട് ഫിഷ് മാർക്കറ്റ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ വിധവകൾക്കുള്ള പെൻഷൻ

4754 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്നവരുടെ വിധവകൾക്ക് നിലവിൽ എത്ര രൂപയാണ് പെൻഷൻ നൽകി വരുന്നത്; ജില്ല

തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക നിലവിൽ കുടിശികയായിട്ടുള്ളത് എത്ര മാസമാണെന്നും കുടിശിക നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദവിവരം ലഭ്യമാക്കാമോ?

## മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം സംബന്ധിച്ച്

4755 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പാരിസ്ഥിതിക കാരണങ്ങളാൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ മത്സ്യങ്ങളുടെ അളവ് ഗണ്യമായി കുറഞ്ഞിട്ടുള്ളതിനാൽ, ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായി പുഴയിലും മറ്റു ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്ന മത്സ്യകുഞ്ഞുങ്ങളുടെ അളവ് കൂട്ടാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ നിക്ഷേപിക്കുന്നത് ഏതെല്ലാം ഇനം മത്സ്യകുഞ്ഞുങ്ങളെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നിക്ഷേപിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളിൽ കരിമീൻ പോലുള്ള തദ്ദേശീയ ഇനം മത്സ്യങ്ങളെ കൂട്ടുതലായി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## തീരക്കടലിലെ മത്സ്യലഭ്യത വർദ്ധിപ്പിക്കാൻ പദ്ധതി

4756 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിലേക്ക് അമിതമായ രീതിയിൽ രാസമാലിന്യങ്ങൾ ഒഴുകി ഇറങ്ങുന്നതും തീരപ്രദേശത്തെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും തീരക്കടലിലെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഈ പ്രദേശങ്ങളിൽ മത്സ്യലഭ്യത വൻതോതിൽ കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിലെ മത്സ്യലഭ്യത വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ഗ്രാന്റ്

4757 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ഗ്രാന്റിന് പ്രതിവർഷം എത്ര രൂപയാണ് ചെലവിടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഗ്രാന്റ് ഏതൊക്കെ കോഴ്സുകൾക്കാണ് നൽകി വരുന്നതെന്ന് ഇനം തിരിച്ച് തുകയുടെ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഗ്രാന്റിന്റെ കുടിശ്ശിക നൽകുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടിയെക്കുറിച്ച് വിശദമാക്കാമോ?

**<u>മുതലപ്പൊഴി തുറമുഖത്തിലെ പുലിമുട്ടിൽ ഉണ്ടാകുന്ന അപകടങ്ങൾ</u>**

4758 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി തുറമുഖത്തിൽ പുലിമുട്ടിലെ ടെട്രാപോഡുകളും പാറകളും ഒഴുകി കടലിൽ എത്തിയതു അപകടം സൃഷ്ടിക്കുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) മുതലപ്പൊഴി തുറമുഖത്തിൽ നിന്നും മണലും കല്ലും നീക്കി ആഴം കൂട്ടാനുള്ള ചുമതല അദാനി ഗ്രൂപ്പ് ഓഫ് കമ്പനീസിനാണോ നൽകിയിട്ടുള്ളത്; അറിയിക്കുമോ;

(സി) പ്രസ്തുത കമ്പനി പ്രസ്തുത ചുമതല കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**<u>തെക്കേക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിനു പകരം സംവിധാനം</u>**

4759 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ തെക്കേക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിനു പകരം സംവിധാനം ഒരുക്കുന്നതിനും ആർ.എം.പി. തോടിന്റെ പുനരുദ്ധാരണത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഫിഷറീസ് വകുപ്പും കൊച്ചിൻ പോർട്ട് അതോറിറ്റിയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡും 03.08.2019, 23.06.2023 തീയതികളിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസം കണക്കിലെടുത്ത് സംയുക്ത യോഗം വിളിച്ചു ചേർക്കുന്നതിനായി 05.12.2023-ന് ഫിഷറീസ് വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

**<u>ആലപ്പുഴ ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ</u>**

4760 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിൻ കീഴിൽ ആലപ്പുഴ ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ ഇത്തരം പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) വകുപ്പിന് കീഴിലെ പ്രായിക്കര- അച്ചൻകോവിലാർ റോഡ് നിർമ്മാണത്തിന് തുക അനുവദിച്ചുവെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ</u>**

4761 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നതും പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

**<u>മത്സ്യലഭ്യതയിലെ കുറവ്</u>**

4762 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതീരത്തെ വർധിച്ചുവരുന്ന ചൂട് മത്സ്യലഭ്യതയിൽ കുറവ് വരുത്തുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>മീനിന്റെ വില വർദ്ധനവ്</u>**

4763 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യലഭ്യത കുറഞ്ഞത് മൂലം മത്തി അടക്കമുള്ള മീനുകളുടെ വിലവർദ്ധനവ് മത്സ്യത്തൊഴിലാളി സമൂഹത്തെ എപ്രകാരമാണ് ബാധിച്ചതെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിലവർദ്ധനവ് പ്രസ്തുത സമൂഹത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ</u>**

4764 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കർഷകർക്ക് ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനും പരിപാലനം സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും സംവിധാനം നിലവിലുണ്ടോ; എങ്കിൽ

വിവരങ്ങൾ അറിയിക്കാമോ?

**മത്സ്യത്തിലെ മായം കണ്ടെത്താൻ നടപടി**

4765 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വിൽപ്പന നടത്തുന്ന മത്സ്യത്തിൽ പലപ്പോഴും മാരകമായ വിഷം കലർത്തി വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ;

(സി) മത്സ്യത്തിലെ വിഷാംശം കണ്ടെത്തുന്നതിന് നിലവിലുള്ള മാർഗങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; അതിനുള്ള സംവിധാനങ്ങൾ പൊതു മാർക്കറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

4766 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് 2016 മുതലുള്ള കാലയളവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ: വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം മാർക്കറ്റുകൾ നവീകരിക്കുന്നതിനാണ് തുക അനുവദിച്ചത്; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(സി) കൊണ്ടോട്ടി മത്സ്യമാർക്കറ്റ് നവീകരണത്തിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ?

**കുണ്ടറ മണ്ഡലത്തിലെ ആലുംമൂട് ഫിഷ് മാർക്കറ്റ്**

4767 **ശ്രീ. പി. സി. വിഷ്ണനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷനെ നിർവ്വഹണ എജൻസിയാക്കി ഇളമ്പള്ളൂർ ആലുംമൂട്ടിൽ ഫിഷ് മാർക്കറ്റ് നിർമ്മാണത്തിനായി അനുമതി ലഭിച്ചതെന്നാണെന്നും ആയതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടത്തുന്നതിനായി കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

**പയ്യന്നൂർ നഗരസഭയിൽ ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ്**

4768 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിൽ ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ മത്സ്യ മാർക്കറ്റുകളുടെ നവീകരണം</u>**

4769 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, നൂറനാട്, താമരക്കുളം, പുതിയകാവ് മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

**<u>കൊല്ലം മണ്ഡലത്തിലെ ഫിഷ് മാർക്കറ്റ് നവീകരണ പ്രവൃത്തികൾ</u>**

4770 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊല്ലം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഫിഷ് മാർക്കറ്റ് നവീകരണ പ്രവൃത്തികളുടെ നിർവ്വഹണപുരോഗതി അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

**<u>നെയ്യാറ്റിൻകര നഗരസഭയിലെ ടൗൺമാർക്കറ്റ് നിർമ്മാണം</u>**

4771 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ ടൗൺമാർക്കറ്റ് നിർമ്മാണത്തിനുവേണ്ടി എത്ര കോടിയുടെ ഡി.പി.ആർ. ആണ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മാർക്കറ്റ് നവീകരണത്തിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കാൻ നടപടി</u>**

4772 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>മത്സ്യമാർക്കറ്റുകളുടെ നവീകരണം</u>**

4773 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശോചനീയാവസ്ഥയിലുള്ള മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനും ചെറുകിട മത്സ്യവില്പനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

## മുതലപ്പൊഴി അപകടങ്ങളിൽ ഇരയായവർക്ക് പ്രത്യേക പാക്കേജ്

4774 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ അപകടങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ അപകടങ്ങളിൽ ഇരയായവർക്ക് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

4775 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര മത്സ്യബന്ധന തൊഴിലാളികളാണ് കടലിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടിട്ടുള്ളതും കാണാതായിട്ടുള്ളതുമെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര മത്സ്യബന്ധനയാനങ്ങളാണ് അപകടത്തിൽപ്പെട്ടതെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം തരത്തിലുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; ഇനി എന്തെല്ലാം നഷ്ടപരിഹാരം എത്ര പേർക്ക് നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ ഫിഷറീസ് വകുപ്പിന്റെ കടൽക്ഷോഭ സുരക്ഷ മുൻകരുതൽ

4776 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാല കടൽക്ഷോഭം നിലനിൽക്കുന്ന സാഹചര്യത്തിൽ കടലിൽ രക്ഷ ഒരുക്കാൻ ഫിഷറീസ് വകുപ്പ് കാസർഗോഡ് ജില്ലയിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രക്ഷാ പ്രവർത്തനങ്ങൾ നടത്താൻ ഫിഷറീസ് വകുപ്പിന് ജില്ലയിൽ സ്വന്തമായുള്ള സാമഗ്രികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഫിഷറീസ് വകുപ്പിന് സംസ്ഥാനത്ത് എത്ര മറൈൻ ആംബുലൻസുകളാണുള്ളതെന്നും ഇവ എവിടെയൊക്കെയാണ് ഉള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) മറൈൻ ആംബുലൻസുകൾ ഇല്ലാത്ത ജില്ലകളിൽ ദുരന്തം നടന്നാൽ രക്ഷാപ്രവർത്തനങ്ങൾ എങ്ങനെ നടത്തുമെന്ന് വിശദമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലക്ക് എഫ്.ആർ.പി. തോണികൾ അനുവദിച്ചിട്ടുണ്ടോയെന്നും ഈ തോണികളുടെ പ്രത്യേകത എന്താണെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയിൽ സ്ഥിരമായി മറൈൻ ആംബുലൻസ് വേണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപെട്ടവർക്കുള്ള നഷ്ട പരിഹാരം</u>**

4777 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിവരവും അവർ അപകടത്തിൽപ്പെടാനുണ്ടായ കാരണവും ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) മത്സ്യബന്ധനത്തിനിടയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സർക്കാർ നൽകിയ സമാശ്വാസ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

4778 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം മണ്ഡലത്തിന്റെ പരിധിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി/ പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിർമ്മാണ പുരോഗതി</u>**

4779 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന തീരദേശ റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

**<u>കോട്ടിക്കുളം ഹാർബർ നിർമ്മാണം</u>**

4780 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടിക്കുളം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം അനുമതികൾ ഇനി ലഭിക്കാനുണ്ട്;

(സി) പ്രസ്തുത ഹാർബർ എന്ന് മുതൽ പൂർണ സജ്ജമായി പ്രവർത്തനം ആരംഭിക്കുമെന്ന് വിശദമാക്കാമോ?

**<u>ഫിഷറീസ് സർവകലാശാലയിലെ ഹോസ്റ്റലുകൾ</u>**

4781 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ ഭരണനിർവഹണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഹോസ്റ്റലുകളിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) ഹോസ്റ്റലുകളുടെ പ്രവർത്തനം, ഭക്ഷണം, റാഗിംഗ് എന്നിവ സംബന്ധിച്ച് വിദ്യാർഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സർവകലാശാലയ്ക്കോ സർക്കാരിനോ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

## <u>കാസർകോട് മാപ്പിള സാഹിത്യ ഗവേഷണ കേന്ദ്രം</u>

4782 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാപ്പിള കവി ടി. ഉബൈദിന്റെ സ്മാരകമായി കാസർഗോഡ് മാപ്പിള സാഹിത്യ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പ് ബജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏതു വർഷം എത്ര രൂപയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(ബി) ഇതിനു വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയോയെന്നും ഏതെല്ലാം കാര്യങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് അല്ലെങ്കിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ ഇതുവരെ എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നറിയിക്കാമോ;

(ഡി) ജില്ലയിൽ ഈ പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ?

## <u>പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും</u>

4783 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കിവരുന്നതെന്നും എല്ലാ ജില്ലകളിലും പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിച്ച് പാരമ്പര്യകലകളുടെ വ്യാപനം സാധ്യമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നും

അറിയിക്കുമോ; നിലവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക സമുച്ചയങ്ങൾ ഈ ആവശ്യത്തിനുകൂടി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ദേശീയ, അന്തർദേശീയ വേദികളിൽ കേരളത്തിന്റെ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി രൂപീകരിക്കുമോ;

(ഡി) പാരമ്പര്യകലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പാരമ്പര്യകലകളുടെയും ശാസ്ത്രീയകലകളുടെയും സ്വീകാര്യത അന്താരാഷ്ട്രതലത്തിൽ ഉറപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ഒരു സാംസ്കാരിക സർവകലാശാലയ്ക്ക് രൂപം കൊടുക്കുമോ?

## വജ്രജൂബിലി ഫെല്ലോഷിപ്പ്

4784 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റികളുടെ പരിധിയിലുള്ള എത്രപേരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## നാട്ടരങ്ങ് പദ്ധതി

4785 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ നാട്ടരങ്ങ് എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി വട്ടിയൂർക്കാവ് മണ്ഡലത്തിൽ തിരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## വാഴേങ്കട കുഞ്ചു നായർ സ്മാരകം

4786 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഥകളി ആചാര്യൻ വാഴേങ്കട കുഞ്ചു നായരുടെ സ്മരണക്കായി അദ്ദേഹത്തിന്റെ ജന്മനാടായ ആലിപ്പറമ്പിൽ സ്മാരകം നിർമ്മിക്കുന്നതിനായി സാസ്കാരിക കേരളവും അദ്ദേഹത്തിന്റെ നാട്ടും ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## വർക്കല പകൽക്കുറി കലാഭാരതി കഥകളി അക്കാദമിയുടെ വാർഷിക ഗ്രാന്റ്

4787 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല പകൽക്കുറി കലാഭാരതി കഥകളി അക്കാദമിയുടെ വാർഷിക ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ഭാരവാഹികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## നവോത്ഥാന നായകരുടെ ചരിത്ര സ്മാരകങ്ങളും ശില്പങ്ങളും

4788 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നവോത്ഥാന നായകരുടെ ചരിത്ര സ്മാരകങ്ങളും ശില്പങ്ങളും നിർമ്മിക്കാനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സമുദായ സംഘടനകൾക്ക് അവരുടെ പ്രവർത്തനങ്ങൾക്കായി ആവർത്തന/അനാവർത്തന വിഭാഗത്തിൽ തുക അനുവദിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും സമുദായ സംഘടനകൾക്ക് സാംസ്കാരിക പ്രവർത്തനം നടത്താനായി അനാവർത്തന വിഭാഗത്തിൽപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ 2024-2025 സാമ്പത്തിക വർഷവും സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷാ നടപടിക്രമങ്ങൾ വിശദമാക്കാമോ?

## പത്മഭൂഷൺ മടവൂർ വാസുദേവൻനായർ സ്മാരക കഥകളി മ്യൂസിയം

4789 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മഭൂഷൺ മടവൂർ വാസുദേവൻനായർ സ്മാരക കഥകളി മ്യൂസിയം പകൽക്കുറിയിൽ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി വിശദമാക്കാമോ?

## എം.എസ്.വിശ്വനാഥൻ സ്മാരകത്തിന്റെ നിർമ്മാണം

4790 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ എം.എസ്.വിശ്വനാഥൻ സ്മാരകത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) എം.എസ്.വിശ്വനാഥന്റെ ജന്മസ്ഥലമായ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളിയിൽ പ്രസ്തുത സ്മാരകം നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

വിശദമാക്കാമോ?

**കെ.എസ്.എഫ്.ഡി.സി. മുഖേന നിർമ്മിക്കുന്ന ചേറ്റുവയിലെ സിനിമ തിയറ്ററിന്റെ നിർമ്മാണം**

4791 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവയിൽ കെ.എസ്.എഫ്.ഡി.സി. മുഖേനയുള്ള സിനിമ തിയറ്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത സിനിമാ തിയറ്റർ നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത തിയറ്ററിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ബോധവത്കരണം**

4792 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മദ്യത്തിനും മയക്കുമരുന്നിനും എതിരെ ശക്തമായ ബോധവത്ക്കരണം നടത്തുന്നതിന് യുവജനകാര്യവകുപ്പ് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

**വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതി**

4793 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന കമ്മീഷൻ നടത്തുന്ന വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) യുവജനങ്ങളുടെ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കാനും യുവ വിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) കേരളത്തിലെ യുവാക്കൾക്ക് കായികക്ഷമതയും ആരോഗ്യവും കൈവരിക്കുന്നതിനായി വകുപ്പിന്റെ കീഴിൽ കായികക്ഷമതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹായം**

4794 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകായിക, സാഹിത്യ, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗ്ഗീയതയിലേക്കും ലഹരിയിലേക്കും എത്തിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം യുവജനങ്ങളെ പൊതുധാരയിലേക്ക് അടുപ്പിക്കുന്നതിനുവേണ്ടി നാട്ടിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ എന്തെല്ലാം സഹായങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**യുവജനക്ഷേമ ബോർഡിന്റെ കതിർ, അവളിടം ക്ലബ്ബുകൾ**

4795 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര കതിർ, അവളിടം ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ പ്രദേശങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മലപ്പുറം മണ്ഡലത്തിൽ യുവജനകാര്യവകുപ്പ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ**

4796 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) നിലവിൽ നടപ്പാക്കിവരുന്ന ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം യുവജനകാര്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണവും കുറയ്ക്കുന്നതിനും, യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടിയും ജില്ലാ തലത്തിൽ പ്രത്യേക പ്രോഗ്രാമുകൾ സംഘടിപ്പിക്കുമോ?

**യുവജനക്ഷേമത്തിനുള്ള പദ്ധതികൾ**

4797 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമം മുൻനിർത്തി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) യുവജനക്ഷേമ ബോർഡ് വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്; വിശദമാക്കാമോ?

**ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾ**

4798 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്; ഭവനരഹിതരായ എത്ര കുടുംബങ്ങളുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ലൈഫ് ഭവന പദ്ധതി പ്രകാരം കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയതായി വീട് അനുവദിച്ചിട്ടുണ്ട് ;വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

**സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ**

4799 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം വിശദമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ആയത് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**മങ്കട മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ലൈഫ് പദ്ധതി**

4800 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി തുടങ്ങിയതിനു ശേഷം നാളിതുവരെ മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വീടും ഭൂമിയും ഇല്ലാത്ത എത്ര പേർക്ക് വീടും ഭൂമിയും നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് ഭൂമിയും വീടും ലഭ്യമാക്കാനുണ്ട്; കണക്ക് ലഭ്യമാക്കുമോ?

**പന്തപ്ര ആദിവാസി നഗറിന്റെ പുനരധിവാസം**

4801 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസ നടപടികളുടെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി പുനരധിവാസ പദ്ധതി പൂർണ്ണമായി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കോങ്ങാട് മണ്ഡലത്തിലെ സേഫ് പദ്ധതി</u>**

4802 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ടെന്നും എത്ര വീടുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ലൈഫ് പദ്ധതിയിൽ വീട്</u>**

4803 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി നടപ്പിലാക്കിയ ശേഷം പൂഞ്ഞാർ മണ്ഡലത്തിലെ എത്ര പട്ടിക ജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് വീട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി ലിസ്റ്റിൽ എത്ര പട്ടിക ജാതി, പട്ടിക വർഗ്ഗ കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഇനിയും എത്ര പേർക്ക് വീട് അനുവദിക്കാനുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

**<u>പട്ടികജാതി വിഭാഗത്തിൽപെട്ട ഭൂരഹിതർ</u>**

4804 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും അതിന്റെ മറ്റ് വിശദാംശങ്ങളും ജില്ല തിരിച്ച് നൽകാമോ;

(ബി) ഭൂരഹിതരായ എല്ലാ പട്ടികജാതി വിഭാഗക്കാർക്കും ഭൂമി വിതരണം പൂർത്തിയാക്കുമെന്ന സർക്കാർ പ്രഖ്യാപനം പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

**<u>ഇരിക്കൂർ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ</u>**

4805 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>അട്ടപ്പാടി ഭൂതിവഴി നഗറിലെ ആദിവാസി കുടുംബങ്ങൾ ഭവന തട്ടിപ്പിന് ഇരയായ സംഭവം</u>**

4806 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഭൂതിവഴി നഗറിലെ ഏഴ് ആദിവാസി കുടുംബങ്ങൾ ഭവന തട്ടിപ്പിന് ഇരയായത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭവന നിർമ്മാണത്തിന്റെ കരാർ ഏൽപ്പിച്ചത് ആരെയാണെന്ന് വ്യക്തമാക്കുമോ; ഭവനനിർമ്മാണം സംബന്ധിച്ച് വകുപ്പ് ഈ വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഗുണനിലവാരം ഇല്ലാത്ത നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് വാസയോഗ്യമല്ലാത്ത വീട് നിർമ്മിച്ച് നൽകി ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്ത കരാറുകാരനെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ലൈഫ് മിഷൻ പദ്ധതിയിൽ ഭവനങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി അനുവദിച്ച തുകയും കരാറുകാരൻ തട്ടിയെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണഭോക്താക്കൾ വഞ്ചിതരാകുന്ന സാഹചര്യം ഉണ്ടായതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും തട്ടിപ്പ് നടത്തിയ കരാറുകാരനെതിരെയും കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) തട്ടിപ്പിന് ഇരയായ പ്രസ്തുത കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമിച്ച നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാൻ നടപടി</u>**

4807 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി നടപ്പിലാക്കിയ ശേഷം കുന്നത്തുനാട് മണ്ഡലത്തിലെ എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് വീട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിച്ച് നൽകിയതിൽ പൂർത്തീകരിച്ച വീടുകൾ എത്രയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി ലിസ്റ്റിൽ എത്ര പട്ടിക ജാതി കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഇനിയും എത്ര പേർക്ക് വീട് അനുവദിക്കാനുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

**<u>കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസനം</u>**

4808 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസനത്തിനായി അനുവദിച്ച

പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട സമയക്രമം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ എസ്റ്റിമേറ്റിന്റെ ഭേദഗതി ലഭിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ അംബേദ്കർ ഗ്രാമം പദ്ധതി

4809 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പ്രകൃതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര നഗറുകൾ വികസിപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ?

## അംബേദ്ക്കർ ഗ്രാമം പദ്ധതി

4810 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച എത്ര എസ്.സി. നഗറുകൾ നിലവിലുണ്ട്; പ്രസ്തുത നഗറുകളുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടും ഇനിയും പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ എസ്.സി.നഗറുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## എസ്.സി.,എസ്.ടി കോളനികളുടെ പേര് സംബന്ധിച്ച് വ്യക്തത

4811 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി., എസ്.ടി. വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങൾക്ക് കോളനി എന്ന പേര് മാറ്റി ഉത്തരവിറങ്ങിയ സാഹചര്യത്തിൽ ഓരോ കോളനിക്കും എങ്ങനെ പേര് നൽകണം എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഗതാഗതസൗകര്യങ്ങൾ നിലവിലില്ലാത്ത ആദിവാസി നഗറുകൾ

4812 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത സൗകര്യങ്ങൾ നിലവിലില്ലാത്ത എത്ര ആദിവാസി നഗറുകളുണ്ടെന്ന് വ്യക്തമാക്കാമോ; വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ലാത്ത ആദിവാസി നഗറുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഊരുകളുടെ പേരുമാറ്റം

4813 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ കൂട്ടായി താമസിക്കുന്ന പ്രദേശങ്ങളുടെ 'ഊര് ' എന്ന പേര് മാറ്റുന്നതിന് തീരുമാനമായിട്ടുണ്ടോ എന്ന വിവരം അറിയിക്കാമോ ;

(ബി) ആദിവാസി വിഭാഗങ്ങൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങൾക്ക് 'ഊര്' എന്ന പദത്തിന് പകരം ഉപയോഗിക്കുന്നതിനായി നിഷ്കർഷിച്ചിരിക്കുന്ന പദങ്ങൾ ഏതെല്ലാമാണ്;

(സി) പ്രസ്തുത പ്രദേശങ്ങളിലെ 'ഊര്' എന്ന പദം മാറ്റുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ?

## അട്ടപ്പാടിയിൽ കൃഷിഭൂമി അനധികൃതമായി കയ്യേറുന്ന സംഭവങ്ങൾ

4814 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമി കയ്യേറിയതായി കാണിച്ച് അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിൽ പെട്ടവർ ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് പ്രസ്തുത പരാതിയിന്മേൽ കോടതി നിർദ്ദേശപ്രകാരം എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കയ്യേറ്റക്കാരെ പോലീസും ഉദ്യോഗസ്ഥരും പിന്തുണച്ചു എന്ന പരാതിയിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് അവകാശപ്പെട്ട ഭൂമി അനധികൃതമായി കയ്യേറുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

4815 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം വകുപ്പ്

പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**ആദിവാസി മേഖലകളിലെ ലഹരി ഉപയോഗം**

4816 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ ലഹരി ഉപയോഗം വർദ്ധിച്ച് വരുന്ന സാഹചര്യം നിലവിലുണ്ടോയെന്നറിയിക്കാമോ;

(ബി) ഈ മേഖലയുടെ പിന്നോക്കാവസ്ഥ മുതലെടുത്ത് ലഹരി സംഘങ്ങൾ ആദിവാസികളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2020ന് ശേഷം സംസ്ഥാനത്താകെ ലഹരിക്ക് അടിമപ്പെട്ട് ചികിത്സ തേടുകയും മരണപ്പെടുകയും ചെയ്തിട്ടുള്ള ആദിവാസി വിഭാഗക്കാരുടെ എണ്ണം അറിയിക്കുമോ;

(ഡി) ആദിവാസി മേഖലയിൽ ലഹരി ലഭ്യത ഇല്ലാതാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ?

**വനാവകാശ നിയമ പ്രകാരം ലഭിച്ച ഭൂമി**

4817 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എംപവർഡ് കമ്മിറ്റിയുടെ യോഗം എത്ര പ്രാവശ്യം ചേർന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വനാവകാശ നിയമം അനുസരിച്ച് ഒരു പ്രാവശ്യം ഭൂമി നൽകിയ വ്യക്തിക്ക് മറ്റൊരു സ്ഥലത്ത് വീണ്ടും ഭൂമി അനുവദിച്ചിട്ടുണ്ടോ; ഒരിക്കൽ ഭൂമി ലഭിച്ച ഒരാൾ ഇക്കാര്യം മറച്ച് വെച്ച് വീണ്ടും ഭൂമിക്ക് അവകാശം ഉന്നയിച്ചാൽ ആയത് പരിശോധിക്കുന്നതിന് ഏതെങ്കിലും ഡേറ്റാ ബേസ് സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മുൻപ് ഭൂമി ലഭിച്ചവർ സമർപ്പിച്ച രേഖകൾ എപ്രകാരം സൂക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രകൃതി ദുരന്തത്താലോ മറ്റു കാരണങ്ങളാലോ വനാവകാശ രേഖ നഷ്ടപ്പെട്ടാൽ പുതിയത് നൽകുന്നതിനുള്ള ചുമതല ആർക്കാണെന്ന് അറിയിക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ഡി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് മുതൽ എല്ലാ സർട്ടിഫിക്കറ്റുകളും കേരള സർക്കാർ ഡിജിലോക്കർ സംവിധാനത്തിലേക്ക് മാറ്റിയിട്ടും വനാവകാശ രേഖകൾ എന്ത് കൊണ്ടാണ് പ്രസ്തുത സംവിധാനത്തിലേക്ക് മാറ്റാത്തതെന്ന് അറിയിക്കാമോ; ഡിജിലോക്കർ സംബന്ധിച്ച് എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പാലിക്കാത്തതെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) വനാവകാശ രേഖ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്ന വിശദാംശം നൽകാമോ; ആയത് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

**ഇ- ഗ്രാന്റ്സ് സ്കോളർഷിപ്പ്**

4818 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള ഇ-ഗ്രാന്റ്സ് കുടിശികയില്ലാതെ നല്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

## ഇ-ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

4819 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഇ-ഗ്രാന്റുകളുടെ തുക അവരുടെ വിദ്യാഭ്യാസ, താമസ ചെലവുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആയത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഇ-ഗ്രാന്റ് പദ്ധതിയ്ക്കായി സമർപ്പിച്ച അപേക്ഷകൾ

4820 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഇ-ഗ്രാന്റ് പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നവരെ നിസ്സാരകാരണങ്ങളാൽ ഒഴിവാക്കുന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇ-ഗ്രാന്റ് ലഭിക്കുന്നതിനായി ഓരോ ജില്ലയിലും ലഭിച്ച അപേക്ഷകളുടെ എണ്ണവും, അംഗീകരിച്ച അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ എന്നിവയുടെ എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിന് സർക്കാർ സഹായം

4821 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എത്ര വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിന് സർക്കാർ സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും എത്ര തുകയാണ് ഓരോരുത്തർക്കും അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പഠനത്തിനുള്ള അപേക്ഷ എപ്പോഴാണ് നൽകേണ്ടതെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) ഈ വർഷം ഇതുവരെ എത്ര അപേക്ഷയാണ് ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര കോടി രൂപയുടെ സഹായത്തിനാണ് ഉത്തരവായിരിക്കുന്നതെന്നും അവശേഷിക്കുന്ന അപേക്ഷകർക്ക് എന്നത്തേക്ക് സഹായം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## സ്കൂളുകളിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക്

4822 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളിലായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോയി എന്നതിന്റെ കണക്ക് വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര കുട്ടികളെ

തിരികെ സ്കൂളുകളിലേയ്ക്ക് എത്തിയ്ക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

**<u>കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളും വിദ്യാഭ്യാസവും</u>**

4823 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത വിഭാഗങ്ങളുടെ ജനസംഖ്യ വിഭാഗം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ നിന്ന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ പഠനം നടത്തുന്നവരുടേയും പഠനം പൂർത്തീകരിച്ചവരുടേയും വിവരവും അവർ ചെയ്തിട്ടുള്ള കോഴ്സുകളും വിഭാഗം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളിൽ നിന്ന് കേരളത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങളിൽ നിന്നും നിലവിൽ വിദ്യാലയങ്ങളിൽ പ്രവേശനം നേടാത്ത ആറിനും പതിനാലിനും വയസ്സിനിടയിലുള്ള കുട്ടികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ഇ) കേരളത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ടവർ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങളിൽ അവരുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ള വിദ്യാലയങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരം ലഭ്യമാക്കാമോ?

**<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്ന പ്രവണത തടയാൻ നടപടി</u>**

4824 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 അധ്യയന വർഷത്തിൽ നാനൂറോളം പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ച എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ</u>**

4825 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ നടപ്പ് അധ്യയന വർഷത്തിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് ക്ലാസ്, ഡിവിഷൻ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്കൂളിൽ നിന്നും ഏതൊക്കെ വിദ്യാർത്ഥികൾ ദേശീയതലത്തിലും സംസ്ഥാനതലത്തിലും കായിക പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളിലെ കായിക നിലവാരവും പഠന നിലവാരവും സംബന്ധിച്ച് ഏതെങ്കിലും സാമുദായിക സംഘടനകൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ സാമൂഹ്യപഠനമുറി പദ്ധതി

4826 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സാമൂഹ്യപഠനമുറി പദ്ധതി പ്രകാരം എത്ര പേർക്കാണ് ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതെന്ന് തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിവിധ ധനസഹായങ്ങളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായത്തിന്റെ വിശദവിവരം തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ അന്തരീക്ഷം

4827 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഉന്നതികളിൽ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കുട്ടികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്കൂളുകളിലെ ഹാജർ ശതമാനം, പ്രവേശനം എന്നിവ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് ഉന്നത വിദ്യാഭ്യാസം നൽകികൊണ്ട് സംസ്ഥാനത്തെ പട്ടികവർഗ്ഗ സമുദായങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സഹായകമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ?

## വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന സ്കോളർഷിപ്പ്

4828 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും 2020-22, 2021-23, 2022-24 എന്നീ വർഷങ്ങളിൽ പ്ലസ് ടു പഠനം പൂർത്തിയാക്കിയ അർഹരായ മുഴുവൻ വിദ്യാർഥികൾക്കും ഇ-ഗ്രാന്റ്സ് മുഖേന സ്കോളർഷിപ്പ് വിഹിതം വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര വിദ്യാർഥികൾക്ക് മേൽ കാലയളവിൽ അപേക്ഷ നൽകിയിട്ടും സ്കോളർഷിപ്പ് വിഹിതം ഇനിയും ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കാത്തവർക്കും, സാങ്കേതിക കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെട്ടവർക്കും, പ്രസ്തുത സ്കോളർഷിപ്പുകൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

**<u>പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ ലഭ്യമാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ</u>**

4829 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീമെട്രിക് സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവ നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി എത്രയാണ് ; പ്രസ്തുത വരുമാനപരിധിക്ക് മുകളിലുള്ളവർക്ക് സംസ്ഥാന സർക്കാർ നിലവിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ടോയെന്ന വിശദാംശം നൽകുമോ;

(സി) വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിലൂടെ മേൽപ്പറഞ്ഞ പരിധിക്ക് മുകളിൽ ഉള്ള നിലവിൽ പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികൾക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുമോ; വിശദാംശങ്ങൾ നൽകുമോ ?

**<u>തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമി</u>**

4830 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവകുപ്പിന് കീഴിൽ തിരുവനന്തപുരത്തുള്ള സിവിൽ സർവ്വീസ് അക്കാദമി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അക്കാദമിയിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത അക്കാദമിയിൽ പഠനം പൂർത്തീകരിച്ച എത്ര വിദ്യാർത്ഥികൾ സിവിൽ സർവ്വീസ് നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ നടപടി</u>**

4831 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസം മുടങ്ങുന്നവർക്ക് പഠനം പൂർത്തീകരിക്കാൻ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിൽ പഠനമുറി അനുവദിക്കുന്നത്

4832 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പേർക്ക് പഠനമുറി അനുവദിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇത് വരെ അനുവദിച്ച എല്ലാ പഠനമുറികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള ഇ-ഗ്രാന്റ്സ് വിഹിതം

4833 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗ്രാന്റ് വിതരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള വിഹിതത്തിന്റെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ സമർപ്പിക്കേണ്ട രേഖകൾ പൂർണമായും സമർപ്പിച്ചതിനു ശേഷവും കേന്ദ്ര വിഹിതം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കേന്ദ്ര വിഹിതം നേടിയെടുത്തുകൊണ്ട് ഇ-ഗ്രാന്റ് വിതരണത്തിന് അടിയന്തര നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

## ഉന്നതി സ്കീമിൽ വിദേശത്ത് പഠിക്കുന്നവർ

4834 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതി സ്കീമിൽ എത്ര വിദ്യാർത്ഥികൾ വിദേശത്ത് പഠിക്കുവാനായി അപേക്ഷ നൽകിയിരുന്നു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര വിദ്യാർത്ഥികൾ ഇപ്പോൾ വിദേശത്ത് പഠിക്കുന്നുണ്ട്; അവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) വിദേശത്ത് പോകാൻ അനുമതി ലഭിച്ചിട്ടും ഇടയ്ക്കുവച്ച് പഠനം നിർത്തിയ എത്ര വിദ്യാർത്ഥികളുണ്ട്; അവരുടെ പേരുവിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## ഇ-ഗ്രാന്റിലെ കുടിശികയും ഉപരിപഠനവും

4835 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗ്രാന്റിൽ കുടിശികയുള്ളതിനാൽ ബിരുദ പഠനം പൂർത്തിയാക്കിയ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ടി.സി. നിഷേധിക്കുന്നത് അവരുടെ ഉപരി പഠനത്തെ ദോഷകരമായി ബാധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കൾ

4836 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കളിൽ എത്ര എണ്ണം നിർത്തലാക്കിയിട്ടുണ്ടെന്നും; എത്ര എണ്ണം പുതുതായി ആരംഭിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## പട്ടിക ജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ. നവീകരണം

4837 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐ.റ്റി.ഐ. കളിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ഐ.റ്റി.ഐ. കളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

4838 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്ത എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ പട്ടിക ജാതി വകുപ്പിന്റെ കീഴിലുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുമോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനം

4839 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഓരോ പ്രീമെട്രിക് ഹോസ്റ്റലുകളിലേയും കുട്ടികളുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ?

## പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ

4840 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ പട്ടികജാതി വികസന വകുപ്പ് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ട്രേസ് പദ്ധതി

4841 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് ഏതെല്ലാം മേഖലയിൽ പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ?

## പട്ടികജാതി വനിതകൾക്ക് പരിശീലനവും തൊഴിലും

4842 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വനിതകൾക്ക് വിമൻ ഓന്റർപ്രനർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം ഇൻ റെസ്റ്റോറന്റ് മാനേജ്മെന്റ് ന്റെ ഭാഗമായി പരിശീലനവും തൊഴിലും നൽകുന്ന പദ്ധതിക്ക് സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക അർഹരായ പട്ടികജാതി വനിതകൾക്ക് നൽകാതെ വകമാറ്റി ചെലവഴിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

## എസ്.സി., എസ്.ടി. പ്രമോട്ടർമാരുടെ സേവന കാലാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി.

4843 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ താല്ക്കാലികമായി നിയമിക്കപ്പെടുന്ന എസ്.സി., എസ്.ടി. പ്രമോട്ടർമാരുടെ സേവന കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികളെയും ആനുകൂല്യങ്ങളെയും കുറിച്ച് പ്രമോട്ടർമാർ വിവരശേഖരണം നടത്തി പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴേക്കും കാലാവധി അവസാനിക്കുന്നത് പദ്ധതി നിർവ്വഹണത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി ഒഴിവാക്കുന്നതിന് എസ്.സി., എസ്.ടി. പ്രമോട്ടർമാരുടെ താല്ക്കാലിക നിയമന കാലാവധി മൂന്നു വർഷത്തേക്കെങ്കിലും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## സ്റ്റാർട്ട് അപ് സിറ്റി പദ്ധതി

4844 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുള്ള സ്റ്റാർട്ട് അപ് സിറ്റി പദ്ധതിയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിനായി എത്ര ശതമാനം തുകയാണ് വകുപ്പ് നൽകുന്നത്; വ്യക്തമാക്കാമോ?

## പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ

4845 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വകുപ്പ് ഡയറക്ടർ ക്രോഡീകരിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ബി) എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തെന്നും വിശദമാക്കാമോ;

(സി) നിർവഹണ ഉദ്യോഗസ്ഥർ ഇല്ലാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ മലപ്പുറം നഗരസഭയിൽ ഉൾപ്പെടെ ജില്ലയിലെ

പത്ത് നഗരസഭകളിൽ കൂടി പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ**

4846 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 2023-2024 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനരുദ്ധാരണം**

4847 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ ആറാം വാർഡിൽ പതിനെട്ടോളം എസ്.സി. കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തേക്കുള്ള പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വട്ടപ്പറമ്പ് എസ്.സി. നഗർ നിവാസികൾക്ക് മെയിൻ റോഡിൽ എത്താൻ ഏറെ ബുദ്ധിമുട്ട് നേരിടുന്നത് കണക്കിലെടുത്ത് നഗറിന് അകത്തുള്ള ഭാഗവും നഗറിലേക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് കോർപ്പസ് ഫണ്ടിൽ നിന്നും തുക വകയിരുത്തി റോഡ് പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കോർപ്പസ് ഫണ്ട് മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ**

4848 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പസ് ഫണ്ട് വഴി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് 2021 മുതൽ ഇതു വരെയായി പണം അനുവദിച്ചിട്ടുള്ളതെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ട്.**

4849 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച കോർപ്പസ് ഫണ്ട് ഏതൊക്കെ പദ്ധതികൾക്കാണ് ഉപയോഗിച്ചിട്ടുള്ളതെന്നും അതിനായി

അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടുകൾ**

4850 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച പട്ടികജാതി, പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(സി) പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ നിർദേശം നൽകുമോ?

**പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭൂമി വിതരണം**

4851 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി എന്നിവ വഴി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി എത്ര ഏക്കർ ഭൂമി വിതരണം ചെയ്തുവെന്നും എത്ര കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്നുമുള്ള ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

**പട്ടികജാതിക്കാർക്കെതിരെ അതിക്രമങ്ങൾ**

4852 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാർക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷം പട്ടികജാതിക്കാർക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) ഇത്തരം അതിക്രമങ്ങൾ കുറയ്ക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**പട്ടികവർഗ്ഗ മേഖലയിൽ വ്യക്തിഗത വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന എ.ബി.സി.ഡി പദ്ധതി**

4853 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലയിൽ വ്യക്തിഗത വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന എ.ബി.സി.ഡി. പദ്ധതിയുടെ തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ;

(ബി) അരുവിക്കര മണ്ഡലത്തിൽ പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

## <u>സേവ് ക്ലബ്ബ് പദ്ധതി</u>

4854 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സേവ് ക്ലബ്ബ് എന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ സേവ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ മണലൂർ മണ്ഡലത്തിൽ പ്രസ്തുത ക്ലബ്ബുകൾ രൂപീകരിക്കാൻ നടപടി എടുക്കുമോ; വിശദാംശം നൽകാമോ?

## <u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന വിവിധ ധനസഹായങ്ങൾ</u>

4855 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം എന്നിവ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം കുടിശ്ശികയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം എത്ര തുകയാണ് കുടിശ്ശിക ഇനത്തിൽ നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ എത്ര ഗുണഭോക്താക്കൾക്ക് പ്രസ്തുത ധനസഹായങ്ങൾ നൽകാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ധനസഹായം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടും ഇനിയും എത്ര പേർക്ക് തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>തിരുവമ്പാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>

4856 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ 2016-17 വർഷം മുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ എണ്ണം എത്രയെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇനിയും ആരംഭിക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പട്ടികവർഗ്ഗ വികസന ഡയറക്ടർ സ്വകാര്യ സ്ഥാപനങ്ങളുമായി ഒപ്പുവെച്ച കരാറുകൾ</u>

4857 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാറിന്റെ കാലത്തും ഈ സർക്കാർ വന്നതിന് ശേഷം നാളിതുവരെയും പട്ടികവർഗ്ഗ വികസന ഡയറക്ടർ സ്വകാര്യ സ്ഥാപനങ്ങളുമായി എത്ര കരാർ ഒപ്പു വെച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിൽ കാലാവധി കഴിഞ്ഞ കരാറുകൾ എത്രയെന്ന് വ്യക്തമാക്കാമോ; കരാർ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത എത്ര പദ്ധതികൾ നിലവിലുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) കരാർ ലംഘനം നടത്തിയ എത്ര സ്ഥാപനങ്ങൾക്ക് 2023 ഡിസംബർ 31 വരെ നോട്ടീസ് നല്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് അനുമതി ചോദിച്ചുകൊണ്ട് എത്ര കത്തുകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; റവന്യൂ റിക്കവറി ഫയലിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരുകൾ വ്യക്തമാക്കാമോ?

## പ്രത്യേക കോടതികൾ

4858 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുവാൻ നിലവിൽ ഏതൊക്കെ ജില്ലകളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

4859 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രദേശത്താണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്; ലിസ്റ്റുകൾ ലഭ്യമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ പി.കെ. കാളൻ പദ്ധതി

4860 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണ് നിലവിലുള്ളതെന്നും ഇവർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഈ മണ്ഡലത്തിൽ പി.കെ. കാളൻ പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

## ഏക വരുമാനദായകന്റെ മരണത്തിന് ധനസഹായം

4861 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏക വരുമാനദായകന്റെ മരണം മൂലം കഷ്ടതയനുഭവിക്കുന്ന പട്ടികജാതി കുടുംബത്തിന് നൽകുന്ന ധനസഹായം എറണാകുളം ജില്ലയിൽ എത്ര പേർക്ക് നൽകുവാനുണ്ടെന്ന് ബ്ലോക്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) 28.01.2023-ലെ 150/2023/എസ്.സി.എസ്.ടി. ഡി. ഉത്തരവ് പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പനമ്പുകാട് വല്ലാർപാടം പി. ഒ., പടിഞ്ഞാറ്റേതിൽ വീട്ടിൽ ശ്രീമതി ടി.എ. ഇന്ദിരയ്ക്കും 16.01.2023-ലെ 94/2023/എസ്.സി.എസ്.ടി. ഡി. ഉത്തരവ് പ്രകാരം എടവനാട്, നികത്തുതറ വീട്ടിൽ ശ്രീമതി രജനി സുന്ദരത്തിനും അനുവദിച്ച രണ്ട് ലക്ഷം രൂപ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## സുബല ടൂറിസം പദ്ധതി

4862 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായുള്ള സുബല ടൂറിസം പദ്ധതിയിൽ പത്തനംതിട്ടയിലെ സുബല പാർക്ക് നിർമ്മാണം ഏൽപ്പിച്ചിരിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഏജൻസിയുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടന്നിട്ടുള്ളതെന്നും അതിന് എത്ര തുക ചെലവഴിച്ചുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

4863 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതി നടപ്പാക്കിയ ശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് വീട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി ലിസ്റ്റിൽ എത്ര പട്ടികജാതി കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഇനിയും എത്ര പേർക്ക് വീട് അനുവദിക്കാനുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

## പിന്നാക്ക സമുദായങ്ങളുടെയും സംവരണ വിഭാഗങ്ങളുടെയും പ്രാതിനിധ്യം സംബന്ധിച്ച കണക്കെടുപ്പ്

4864 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സമുദായങ്ങളുടെയും സംവരണ വിഭാഗങ്ങളുടെയും തൊഴിൽ, വിദ്യാഭ്യാസ മേഖലകളിലുള്ള പ്രാതിനിധ്യം സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പോ സെൻസസോ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇത്തരം ഒരു പഠനമോ കണക്കെടുപ്പോ അവസാനമായി നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു പഠനമോ കണക്കെടുപ്പോ സെൻസസോ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട കുട്ടികളെ കാണാതാകുന്ന സ്ഥിതി

4865 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ കാണാതായിട്ടുണ്ട് എന്നറിയിക്കുമോ; ഇതിൽ എത്ര കുട്ടികൾ തിരികെ നഗറുകളിൽ എത്തിയിട്ടുണ്ടെന്നും എത്ര കുട്ടികളെ മരിച്ച നിലയിൽ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര കുട്ടികൾ ഇനിയും തിരികെ എത്താൻ ഉണ്ടെന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പട്ടികജാതി നഗറുകൾ

4866 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ എത്ര പട്ടികജാതി നഗറുകളുണ്ടെന്ന് വിശദമാക്കാമോ; ഓരോ നഗറിലും എത്ര വീടുകളുണ്ടെന്നും വ്യക്തമാക്കാമോ?

## നന്ദിയോട് നീർപാറ ഐ.എച്ച്.ഡി.പി. കുടിവെള്ള പദ്ധതി

4867 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം 29.09.2023 ൽ ഭരണാനുമതി ലഭിച്ച നന്ദിയോട് നീർപാറ ഐ.എച്ച്.ഡി.പി. കുടിവെള്ള പദ്ധതി ഇതുവരേയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും ഏത് നിർവഹണ ഏജൻസി മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുകയെന്നും വിശദമാക്കാമോ;

(സി) എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുമെന്ന് വിശദമാക്കാമോ?

## മൂർദ്ധനാവ് എസ്.സി. നഗറിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

4868 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ മൂർദ്ധനാവ് എസ്.സി. നഗറിനെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നഗറുകളെ നടപ്പ് സാമ്പത്തിക വർഷം അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ നഗറുകളിലെ അടിസ്ഥാന സൗകര്യ വികസനം

4869 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ വാസയോഗ്യമായ വീടിന്റെ അപര്യാപ്തത, ശുദ്ധജലത്തിന്റെ അഭാവം, റോഡ് സൗകര്യത്തിന്റെ അപര്യാപ്തത എന്നിവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ലൈഫ് പദ്ധതിയിൽ വീട് നൽകുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുൻഗണനയുണ്ടോ;

(സി) അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ ധനസഹായം

4870 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ട്; എത്ര രൂപ ഇതിനകം അപേക്ഷകർക്ക് അനുവദിച്ചിട്ടുണ്ട്; എന്നീ വിശദാശം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ?

## ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോജക്ട്

4871 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കൃത്യമായ കാഴ്ചപ്പാടും പദ്ധതി ആസൂത്രണവും കൊണ്ട് അട്ടപ്പാടിയിലെ ഗോത്ര ജനതയുടെ ജീവിതത്തിൽ വന്ന മാറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) അട്ടപ്പാടിയിലെ കുടിയേറ്റ കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ 'ഹോം'-സർവെ പ്രവൃത്തികൾ

4872 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഹോം സർവെ പ്രകാരം മാവേലിക്കര മണ്ഡലത്തിൽ എത്ര വീടുകൾ സർവെ ചെയ്തുവെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികൾ

4873 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ; പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ ;

(സി) പ്രസ്തുത മണ്ഡലത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് വിശദീകരിക്കാമോ?

## ഇ – ഗ്രാന്റ് വിതരണത്തിനുള്ള കേന്ദ്ര വിഹിതം

4874 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ - ഗ്രാന്റ് വിതരണത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കാത്തത് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിൽ കാലതാമസം ഉണ്ടായതിനാൽ ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ ഇ - ഗ്രാന്റ്, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന ആണോ നൽകുന്നതെന്ന് അറിയിക്കാമോ; ഇ - ഗ്രാന്റ് വിതരണത്തിനായി സംസ്ഥാനം നിലവിൽ അവലംബിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(സി) മുടങ്ങിക്കിടന്ന കേന്ദ്ര വിഹിതം നിലവിൽ ലഭിക്കുവാൻ തുടങ്ങിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

## പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ

4875 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവിഭാഗം ജനങ്ങൾക്കിടയിൽ പോഷകാഹാരക്കുറവ് മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലകളിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## പുനലൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ

4876 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വികസന വകുപ്പിനുകീഴിൽ, വിവിധ പദ്ധതികളിലായി പുനലൂർ നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിന് മുമ്പ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നിലവിൽ നടപ്പിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന വകുപ്പിനുകീഴിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും നടപ്പിലുള്ള പ്രവൃത്തികളുടെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിലുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പുനലൂർ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

## വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

4877 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് അനുമതി നൽകിയ പട്ടികജാതി ഉന്നതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയത് ഏതെല്ലാം തീയതികളിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ യഥാസമയം ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) ഏത് കാര്യാലയത്തിലാണ് പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച നടപടികളിൽ കാലതാമസം വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**സുബല പാർക്ക് ടൂറിസം പദ്ധതി**

4878 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ആവിഷ്കരിച്ച സുബല പാർക്ക് ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദാംശം നൽകാമോ;

(സി) പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പിന്നാക്ക വിഭാഗങ്ങൾക്ക് നൽകുന്ന സേവനങ്ങൾ**

4879 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ-മറ്റു പിന്നാക്ക വിഭാഗക്കാർക്ക് നല്കുന്ന സേവനങ്ങളും ക്ഷേമ പ്രവൃത്തികളും മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമ പദ്ധതികൾ**

4880 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രസർക്കാരിൽ നിന്നും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി എത്ര തുക സാമ്പത്തിക സഹായമായി ലഭിച്ചിട്ടുണ്ടെന്നുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വകുപ്പിന് സംസ്ഥാന ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) പട്ടികവർഗ്ഗ വിഭാഗക്കാരായ സ്കൂൾ കുട്ടികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്കും വേണ്ടി നടപ്പിലാക്കി വരുന്ന

പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

**ഭൂരഹിത ഭവന രഹിതരായ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാർ**

4881 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി സർക്കാർ നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ ഏര്യകളിൽ സർക്കാർ ധനസഹായത്തോടെ വസ്തു വാങ്ങിയവരുടെ എണ്ണം വർഷം, ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) നഗര മേഖലകളിൽ വസ്തുവിന്റെ വിലക്കൂടുതലും ലഭ്യതക്കുറവും പരിഗണിച്ച് സർക്കാർ നേരിട്ട് വസ്തു വാങ്ങി നൽകുന്നത് പരിഗണിക്കാമോ?

**സേഫ് പദ്ധതി**

4882 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം നാളിതുവരെ എത്ര വീടുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

**ഗോത്ര ജീവിക പദ്ധതി**

4883 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനായി ആരംഭിച്ച ഗോത്ര ജീവിക പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഗോത്രവർഗ്ഗക്കാർ വസിക്കുന്ന പ്രദേശങ്ങളിൽ ആധുനിക കൃഷി രീതികൾ പ്രോൽസാഹിപ്പിക്കുന്നതിനും പാരമ്പര്യ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം, മൂല്യവർദ്ധനം എന്നിവ ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**സമാശ്വാസ ധനസഹായ പദ്ധതി**

4884 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും സമാശ്വാസ ധനസഹായ പദ്ധതിയിലേക്ക് എത്ര അപേക്ഷ ലഭിച്ചിരുന്നുവെന്നും എത്ര ആളുകൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ധനസഹായം ലഭിക്കാത്തവർക്ക് അടിയന്തരമായി ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഇ-ഗ്രാന്റ്സ്

4885 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ഇ-ഗ്രാന്റ്സ് പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നതെന്ന് ജില്ലകൾ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇ- ഗ്രാന്റ് കുടിശ്ശിക നൽകാത്തതിനാൽ സംസ്ഥാനത്തെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ടി.സി. നൽകാത്തതുമൂലം ഉന്നത പഠനം മുടങ്ങും എന്ന് ആശങ്കയുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഇ- ഗ്രാന്റ് കുടിശിക പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പൻഡ് വിതരണം

4886 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നേഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഏത് വർഷം വരെയുള്ള സ്റ്റൈപ്പൻഡ് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്; ബാക്കി തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലംപ്സം ഗ്രാൻറ്/സ്റ്റൈപ്പൻഡ് വിതരണത്തിൽ തടസ്സം നേരിട്ടത് പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

## പട്ടികവർഗ്ഗ പ്രകൃതികളിൽ ഇന്റർനെറ്റ്

4887 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളെ കാലത്തിനൊത്ത് സഞ്ചരിക്കത്തക്ക പ്രാപ്തിയുള്ളവരാക്കി മാറ്റി തീർക്കുവാൻ സംസ്ഥാനത്തെ എല്ലാ പ്രകൃതികളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ വന്ന ശേഷം എത്ര പട്ടികവർഗ്ഗ പ്രകൃതികളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഗോത്ര സമൂഹത്തിന്റെ പൊതുവായ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ആഴ്ന്നിറങ്ങിയ മദ്യം, മയക്കു മരുന്ന് പോലുള്ള ദുശ്ശീലങ്ങൾക്കും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ശക്തമായ ബോധവത്ക്കരണം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ പ്രവർത്തനം</u>**

4888 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷനിൽ മുൻ സർക്കാറിന്റെ കാലം മുതൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നതിന്റെയും എത്ര പരാതികളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ടെന്നതിന്റെയും വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിലുള്ള പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ കമ്മീഷനിൽ ലഭിക്കാറുണ്ടോ; ഇത്തരം പരാതികൾ സംബന്ധിച്ച് കമ്മീഷൻ എന്തു നിലപാടാണ് സ്വീകരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷനിൽ പരാതികൾ സമർപ്പിക്കേണ്ടതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം മാർഗനിർദേശം പുറപ്പെടുവിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

**<u>ഗ്രീൻ വീൽ വാഹന വായ്പ പദ്ധതി</u>**

4889 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക വികസന വകുപ്പുമായി ചേർന്ന് ഒ.ബി.സി കുടുംബങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന ഗ്രീൻവീൽ വാഹന വായ്പ പദ്ധതിയിൽ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഓട്ടോ, ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്കും അപക്ഷിക്കാൻ കഴിയുമോ; വ്യക്തമാക്കാമോ?

**<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹൗസിംഗ് ലോൺ</u>**

4890 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി ഹൗസിംഗ് ലോൺ അനുവദിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ലോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത ലോണിന് വനിതകൾക്ക് മുൻഗണന നൽകുന്നുണ്ടോ;

(സി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകുന്ന ലോണുകളുടെ വിശദാംശങ്ങൾ നൽകാമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കുടിശിക തീർപ്പാക്കൽ പദ്ധതി</u>**

4891 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് കോർപ്പറേഷനിൽ വായ്പാ കുടിശിക തീർപ്പാക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) ഏതെല്ലാം വായ്പകൾക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷനിൽ വായ്പാ കുടിശികയുള്ള മണലൂർ മണ്ഡലത്തിൽപ്പെട്ട എത്ര പേരുണ്ടെന്ന് അറിയിക്കാമോ?

**ക്ഷേത്ര ഉപദേശക സമിതികൾ**

4892 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ, ദേവസ്വവുംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതികൾ രൂപീകരിക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഉപദേശക സമിതികളുടെ രൂപീകരണത്തിന്റെ മാനദണ്ഡങ്ങൾ, അധികാരങ്ങൾ എന്നിവ വ്യക്തമാക്കുമോ;

(സി) ചില ജാതി മത സംഘടനകളുടെ പ്രതിനിധികൾ പ്രസ്തുത ഉപദേശക സമിതിയിൽ കടന്നു കൂടി ക്ഷേത്രഭരണത്തിൽ കൈ കടത്താൻ ശ്രമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ അത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ദേവസ്വം ബോർഡുകൾക്ക് നൽകിയ ധനസഹായം**

4893 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ, ദേവസ്വവുംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം വിവിധ ദേവസ്വം ബോർഡുകൾക്കായി എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**ക്ഷേത്ര ആചാരസ്ഥാനികന്മാരുടെ വേതനം**

4894 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ, ദേവസ്വവുംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിൽ എത്ര ക്ഷേത്ര ആചാരസ്ഥാനികർ ഉണ്ടെന്നും അവരുടെ വേതനം എത്രയാണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത ആചാരസ്ഥാനികരുടെ വേതനം മുടങ്ങാതെ നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും കുടിശ്ശിക

വരാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പുതിയ രജിസ്ട്രേഷനുവേണ്ടി കാത്തിരിക്കുന്ന ആചാരസ്ഥാനികരടക്കമുള്ള എത്ര ക്ഷേത്ര ജീവനക്കാർ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുണ്ടെന്ന് വ്യക്തമാക്കാമോ?

**ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങളിലെ റൊട്ടേഷൻ സമ്പ്രദായം**

4895 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ, ദേവസ്വവുംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങൾക്ക് ശിപാർശ നൽകുന്ന റൊട്ടേഷൻ സമ്പ്രദായത്തിൽ മൂന്നാമത് സ്ഥാനം ഇ.ഡബ്ല്യൂ.എസ്. വിഭാഗത്തിന് നൽകിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത രീതി, നിയമനങ്ങളിൽ 50 ശതമാനം ഓപ്പൺ ക്വാട്ട നിലനിർത്തണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) മൂന്നാംസ്ഥാനം ഇ.ഡബ്ല്യൂ.എസ്.ന് നൽകിയതുകൊണ്ട് നാലുപേർക്ക് നിയമനം നൽകുമ്പോൾ 50 ശതമാനം ഓപ്പൺ ക്വാട്ട നിലനിർത്തുന്നതിനുവേണ്ടി നാലാമത് നിയമനം ലഭിക്കേണ്ട പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥിക്ക് അവസരം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എത്രപേർക്ക് ഏതെല്ലാം തസ്തികകളിൽ ഇത്തരത്തിൽ അവസരം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) റൊട്ടേഷൻ റോസ്റ്ററിൽ ഇ.ഡബ്ല്യൂ.എസ്. വിഭാഗത്തിന് ആറാമത് സ്ഥാനം നൽകിയാൽ പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അപ്രകാരം ആറാംസ്ഥാനം ഇ.ഡബ്ല്യൂ.എസ്.ന് നൽകി ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**കുറ്റ്യാടി മണ്ഡലത്തിൽ ദേവസ്വം വകുപ്പ് പ്രവൃത്തികൾ**

4896 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ, ദേവസ്വവുംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ?

**ആലപ്പുഴ ജില്ലയിലെ ക്ഷേത്ര കാവുകൾ**

4897 **ശ്രീ തോമസ് കെ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ, ദേവസ്വവുംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ക്ഷേത്രങ്ങളിലെ കാവുകൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാവുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുമോ?

**<u>ക്ഷേത്ര സ്ഥാനികരുടെ പെൻഷൻ കുടിശിക</u>**

4898 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ, ദേവസ്വംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിൽ ക്ഷേത്ര സ്ഥാനികർക്ക് അനുവദിച്ച പെൻഷൻ എത്ര മാസം കുടിശികയുണ്ട്;

(ബി) പ്രസ്തുത കുടിശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
24-06-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].